MR. P. S. NATARAJA PILLAI: The question is whether the Government was pleased to notify this for the information of the public before this Bill was passed?

MR. PRESIDENT: Order, order.

The question that the Bill be finally passed was put and carried.

The Bill was passed.

The House adjourned for lunch at 1. P. M. and reassembled after lunch at 2. P- M. with the Hon ble President in the Chair.

PREVENTION OF EVICTION BII.

HON'BLE MR. A. J. JOHN. I beg to present the Report of the Selec Committee on the Travancore Prevention of Eviction Bill and move that the bill as amended by the Select Committee be taken into consideration.

HON'BLE MR. T. K. NARAYANA PILLAI: I second it.

HON'BLE MR. A. J. JOHN: സെലക്ററ് കമ്മിറ്റി ഈ ബില്ലിൽ സാരമായ ഭേദഗതികൾ ഒന്നും തന്നെ വരുത്തിയിട്ടില്ല. ചില ഭേദഗതികൾ വരുത്തിയിട്ടുണ്ട്. അതു് അത്രകാര്യമായിട്ടുള്ളതല്ല. ക്ലാസ്സ് നം-ൽ ഗസററിൽ പരാമർശം ചെയ്യുന്ന തീയതി എന്നുള്ളതു് മാററി ഉടനെ എന്നു മാററിയിട്ടുണ്ട്. കുടികിടപ്പു് എന്നുള്ളതിന്റെ നിർവ്വചനം സ്വൽപം ഭേദപ്പെടുത്തിയിട്ടുണ്ട്. അതു് അത്രകാര്യമായിട്ടുള്ളതല്ല. ലാൻറ് ഹോൾഡർ എന്നുള്ളതിന്റെ നിർവ്വചനത്തിൽ അവകാശമുള്ള ആൾ എന്നുകൂടി ചേർത്തിട്ടുണ്ട്. ൯ മാസം തുടർച്ചയായി എന്നുള്ളതു് ൬ കൊല്ലം എന്നാക്കിയിട്ടുണ്ട്. ൨൦-ാമത്തെ ക്ലാസ്സിൽ ൨-ാമത്തെ സബ് ക്ലാസ്സ് എടുത്തു കളഞ്ഞിട്ടുണ്ട്. ൨൧-ാമതായി പുതിയ ഒരു ക്ലാസ്സു ചേർത്തിട്ടുണ്ട്. അതായതു് കുടികിടപ്പുകാരനെ വേറെ ഒരു സ്ഥലത്തേക്കു മാറിത്താമസിപ്പിക്കുന്നതിനു് ഉടമസ്ഥനു് അവകാശം ഉണ്ടായിരിക്കുന്നതാണു്. കെട്ടിടം വാങ്ങുകയാണെങ്കിൽ അതിനുള്ള ചെലവു് കുടികിടപ്പുകാരൻ കൊടുക്കണം. അതിനു സമ്മതമില്ലെങ്കിൽ അയാളെ ഇറക്കി വിടുന്നതിനു ഒരുമാസത്തെ നോട്ടീസ് വേണം. ൨൨-ാമത്തെ ക്ലാസ്സ് എടുത്തു കളഞ്ഞിട്ടുണ്ട്. ഇതാണു ഭേദഗതികൾ. ഇതു സഭയുടെ അഭിപ്രായത്തിനു വിടുകയാണെന്നു ഞാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു.

The motion that the Bill be taken up for consideration was put and carried.

CLAUSE 2.

MR. ABDUL RAZAAK: I move; "In clause 2, sub-clause (c). omit 'for the purpose of erecting a homestead' and add the following instead:—

"with a homestead thereon put up either by himself or by the owner of the land,"

LIBRARY ARCHIVES Kerala Legislative Assembly

The effect of my amendment would be this: "Kudikidappukaran" means a person who has no homestead or land of his own to erect a homestead and has been permitted by an owner of land to have the use and occupation of a portion of the land with a homestead thereon put up either by himself or by the owner of the land" etc. As revised by the Select Committee, it seems that Kudikidappukarans who could not put up their own homesteads are left in the lurch. Therefore it is only in keeping with the spirit of the bill that they should also be brought within the purview of this section. Therefore, I move this amendment and commend it to the approval of the House.

MR. S. AMBROSE: I second it.

MR. P. C. ADICHAN: ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിച്ചുകൊള്ളുന്നു.

In clause 2, sub-clause (c), recast the following definition of Kudikidappukaran and Kudiyirippu:—

"Kudikidappukaran" means a person who has no homestead or land of his own to erect a homestead and who is having the use and occupation of the land or a portion of the land belonging to another for the purpose of erecting a homestead with or without the permission of the owner nor an obligation to pay rent for the use and occupation of such site, and

"Kudiyirippu" means the site so used or occupied together with the house, hut or shed thereon which is used as a place of residence by the Kudikidappukaran with or without the permission of the owner".

സർ, ഈ അമൻറുമെൻറ് ആലോചിക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നതു താഴെപ്പറയുന്ന കാരണങ്ങളാലാണ്. സർ, ഈ ബിൽ എഴുതി ഉണ്ടാക്കിയ അവസരത്തിൽ കുടികിടപ്പുകാരൻ അതുപോലെതന്നെ കുടികിടപ്പ് എത്ര വിധത്തിലുണ്ട് എന്നു അറിഞ്ഞിട്ടുണ്ടോ എന്നു സംശയമാണ്. ഇതുപറയുന്നതോടുകൂടി ഞാൻ ഒരു കാര്യം സഭയെ അറിയിക്കുന്നതിനാഗ്രഹിക്കുന്നു. ഫ്രഫർ കുംഭം ഫ്രവ്വാന- ഈ രാജ്യത്തു നിയമപരമായ ഒരു പരിവർത്തന ഘട്ടത്തിൽ കാൽവച്ചിരിക്കുകയാണ് ചെയ്യുന്നതു്. അവനവനേറ്റതായി ഒരു സെൻറു ഭൂമിപോലും ഇല്ലാതെ കഷ്ടപ്പെടുന്ന അനേകായിരം സാധുക്കൾക്കു് ആശ്രയം നൽകുന്നതിനുവേണ്ടിയാണ് ബിൽ അവതരിപ്പിച്ചിരിക്കുന്നതു്. സർ, വീട്ടിൽ മാതൃയും നാലഞ്ചു കുട്ടികളും ഉണ്ടെന്നിരിക്കട്ടെ. മാതൃ പ്രസവിക്കാറായി, പ്രസവിക്കുന്നതിനു തക്കവണ്ണം ശുശ്രൂഷയും വൃത്തിയു

LIBRARY ARCHIVES Kerala Legislative Assembly

മുള്ളതും സൗകര്യമുള്ളതുമായ ഒരു വീട് വയ്ക്കുന്നതിന് അവന് നിവൃത്തി യില്ല. പഠിക്കുന്നതിന പ്രായമുള്ള കുട്ടികൾ ഉണ്ടെന്നും സൗകര്യമാ യിട്ടിരുന്ന വായിക്കുന്നതിന അവരുടെ കുട്ടികൾക്ക് സ്ഥലമില്ലാതെ വിഷമിക്കുന്നുണ്ട്. സർ, അതുപോലെതന്നെ വല്ലവന്റേയും സ്ഥല ത്തിരുന്നുകൊണ്ട് സ്വന്തം ആവശ്യത്തിന അതായതു് ദാഹശമനത്തിന വെള്ളംകിട്ടുന്നതിന് തക്കവിധം ഒരു കിണറു് കുഴിപ്പിക്കുന്നതിന് അവന് അവകാശമില്ല. ഒരു കാര്യംക്രടി സഭയുടെ ശ്രദ്ധയിൽകൊണ്ടു വരുന്നു. പ്രസിഡൻറും മന്ത്രിമാരും ബഹുമാനപ്പെട്ട മറ്റ് മെമ്പറ ന്മാരും സമാധാനമായും സുഖമായും വീടുകളിൽ കിടന്നുറങ്ങുമ്പോൾ, പിന്നോക്കസമുദായക്കാരായ അനേകായിരം ആളുകൾ സമാധാനമായി കിടന്നുറങ്ങുന്നതിനുപോലും സൗകര്യമായ സ്ഥലമില്ലാതെ കഷ്ടപ്പെട്ട ന്നുണ്ട്. അങ്ങനെ ഉള്ള സൗകര്യം ലഭിക്കത്തക്കവണ്ണമുള്ള ഒരു ബില്ലാണ് നമുക്കാവശ്യമുള്ളതു. അതുകൊണ്ട് കുടികിടപ്പുകാരനേയും കുടികിടപ്പിനേയും മറും കുറിക്കുന്ന ഇപ്പോഴത്തെ ഡഫനിഷൻ മാറ്റി യില്ലെങ്കിൽ തങ്കലിപികളാൽ എഴുതി രേഖപ്പെടുത്തത്തക്ക പ്രാധാന്യ മുള്ള ഈ ബിൽ നേരെ വിപരീതമായി മാറും.

സർ, എനിക്ക് അരയേക്കർ സ്ഥലം ഉണ്ട്. അതു് കുറെ കാട് പിടിച്ചുകിടക്കുകയാണ്. ഞാൻ അവിടം വെട്ടിത്തെളിച്ചു ഒരു ചെറിയ പുരയും വച്ചു. എട്ടുപത്തുതെങ്ങുകളും, രണ്ടുമൂന്ന അടയ്ക്കാമരങ്ങളും നാലഞ്ചു പ്ലാവും വച്ചുപിടിപ്പിച്ചു. ഉദ്ദേശം പതിനഞ്ചുകൊല്ലമായി ഇതെല്ലാം വച്ചുപിടിപ്പിച്ചിട്ടുണ്ട്. ഈ സ്ഥലത്തിനടുത്തുതന്നെ വേറൊ രാൾ രണ്ടേക്കർ സ്ഥലം പതിപ്പിച്ചു. അയാളും ഞാനുമായി സ്നേഹത്തിൽ തന്നെ കുറെനാൾ കഴിഞ്ഞുകൂടി. അയാൾക്കു കുറെ പണത്തിന അവശ്യം നേരിട്ടു. അപ്പോൾ അയാളുടെ സ്ഥലം ഒറ്റി എഴുതി. പ്രമാണ ങ്ങൾ രജിസ്റ്റർ ആക്കി. പാവ്വത്യകാർ വന്ന സ്ഥലം അളക്കുമ്പോൾ അളവുകാരന്റെ രണ്ടേക്കർ എന്റെ അര ഏക്കർകൂടി ഉൾപ്പെടുത്തി യാണ് എഴുതിയതു്. പ്രമാണം നോക്കിയപ്പോൾ എനിക്ക് തെങ്ങു കാംഒന്നും ഇല്ലാത്ത സ്ഥലമാണ് കിട്ടിയതു്. ഈ നിയമം നടപ്പിൽ വരുന്ന എന്നിരിക്കട്ടെ. പത്തിരുപത്തഞ്ചുകൊല്ലംകൊണ്ടു ഞാൻ വാങ്ങിച്ചുനട്ടുവിച്ചുവരുന്നതായ വസ്തു റിക്കാഡിൻ പ്രകാരം അളവുകാ രത്തിന്റെ വസ്തുവാണ്. ഞാൻ കുടികിടപ്പുകാരനുമാണ്. എനിക്ക് പിന്നെ അവിടെ താമസിക്കണമെങ്കിൽ അളവുകാരന്റെ അവകാശം വേണം. എന്നാൽ അളവുകാരൻ ഉണ്ടാക്കിയിട്ടുള്ളതായ കൃത്രിമപ്രമാണത്തെ സംബന്ധിച്ചു കേസ്സുകൊടുത്തു ഒരു തീരുമാനം ഉണ്ടാകുന്നതിന മുമ്പു്

LIBRARY ARCHIVES Kerala Legislative Assembly

തന്നെ ഈ നിയമം അനുസരിച്ചു എന്നെ വെളിയിൽ ആക്കാൻ അദ്ദേഹത്തിനു സാധിക്കും. ഈ തരത്തിൽ ഒന്നല്ല രണ്ടല്ല, ആയിരം കണക്കിൽ പിന്നോക്കസമുദായക്കാർ സങ്കടങ്ങൾ അനുഭവിക്കുന്നുണ്ട്. ഞാൻ താമസിക്കുന്ന സ്ഥലത്തുതന്നെ എട്ടുപത്തു അനുഭവങ്ങൾ എനിക്ക് ഉണ്ടായിട്ടുണ്ട്. വേറൊരു കാര്യംകൂടി പറയുവാനുണ്ട്. ഞാൻ ഒരു കൂലിവേലക്കാരനാണ്. എന്നെ ഒരു തമ്പുരാൻ വന്നു വിളിക്കുന്നു. എനിക്ക് ഒരു പുരകെട്ടിത്തരുവാൻ താമസിക്കാൻ. രണ്ടുമൂന്നു കണ്ടകാലുകളും നിലവും എന്നെ ഏല്പിക്കുന്നു നോക്കിക്കൊള്ളാൻ. അദ്ദേഹത്തിന്റെ ചെലവിലാണ് താമസിക്കുന്നതെങ്കിലും സ്ഥലം പുതുവലാണ് അദ്ദേഹം വന്നു വിളിച്ചിട്ടാണു ഞാൻ പോകുന്നത് വാസ്തുവത്തിൽ ആ പുതുവൽ സ്ഥലത്തു താമസിക്കുന്നതിനു അദ്ദേഹത്തിന്റെ അനുവാദം ആവശ്യമില്ല. അങ്ങിനെ പത്തുപതിനഞ്ചുകൊല്ലം താമസിക്കുന്നു. കുറെ കൊല്ലങ്ങൾ കഴിഞ്ഞതിനുശേഷം അദ്ദേഹം പറയുന്നു. സ്ഥലം തരാം അതു നിന്റെപേരിൽ പതിപ്പിക്കുവാൻ ഉള്ള ചക്രം നീ തരണം എന്നു്. അതിനുള്ള പണം അദ്ദേഹത്തിന്റെ കയ്യിൽ കൊടുക്കുന്നു. അദ്ദേഹത്തെ വിശ്വസിച്ചിട്ട് മൂന്നാലു വർഷത്തേയ്ക്കു കരത്തിനുള്ള ചക്രവും അദ്ദേഹത്തെ ഏല്പിക്കുന്നു. തമ്പുരാൻ മരിക്കുന്നു. അദ്ദേഹം മരിച്ചതിൽ പിന്നെ പാർവത്യകാർ വന്നു സ്ഥലം അളന്നു പരിശോധിക്കുന്നു. അവകാശികളുടെ തക്കം തീർക്കുന്നതിനു വേണ്ടി അപ്പോഴാണ് അറിയുന്നത് എന്റെ പേക്ക് സ്ഥലം പതിപ്പിക്കുവാനെന്നു പറഞ്ഞു ചക്രവും മൂന്നാലു കൊല്ലത്തേക്കുള്ള കരവും വാങ്ങിച്ചുകൊണ്ടു തമ്പുരാൻ അദ്ദേഹത്തിന്റെ പേക്കാണ് സ്ഥലം പതിപ്പിച്ചതെന്നു.

ഞാൻ ഇതു ഒരു ഉദാഹരണമായി പറഞ്ഞുവെന്നേയുള്ളൂ. ചില സ്ഥലങ്ങളിൽ പത്തും ഇരുപതും കുടുംബക്കാർ ഒരുമിച്ചു താമസിക്കുന്നുണ്ട്. അവർ സ്വന്തമായി ഭേഷണ്ഡം ചെയ്തു കരവുംകൊടുത്തു താമസിക്കുന്നു. ആളുകൾ തിരിഞ്ഞുനോക്കാത്ത സ്ഥലങ്ങളിൽ പാവപ്പെട്ടവൻ ഒരു കുടി കെട്ടി ഭേഷണ്ഡവും ചെയ്തു അവന്റെ സ്വന്തമെന്നപോലെ താമസിക്കുന്ന അനവധി സ്ഥലങ്ങളുണ്ട്. അങ്ങനെയുള്ള സ്ഥലങ്ങളിൽ ചിലപ്പോൾ പ്രവർത്തികാർ അവിടത്തെ ഏതെങ്കിലും പ്രമാണപ്പെട്ട ആളുകളെമാത്രം ചെന്നു കാണുകയും കരം ഇളവാക്കി വരികയും ചെയ്യുന്നുണ്ട്. കുറച്ചുകാലം കഴിയുമ്പോൾ ഈ സ്ഥലം ആ പ്രമാണപ്പെട്ട ആളുകളുടേതായിത്തീരുന്നു. തമ്പുരാക്കന്മാരുടെ അനുവാദത്തോടുകൂടി താമസിക്കുന്ന ആളുകളും ഇല്ലെന്നല്ല ഞാൻ പറയുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. C. Adichan]

സർ, മറ്റു ചില വൈഷമ്യങ്ങളും ഉണ്ടാകുന്നുണ്ട്. കുടികിടപ്പുകാരൻ അറിയാതെതന്നെ പ്രമാണത്തിൽ ഒപ്പിട്ടുപോകുന്ന കഥകൾ എനിക്കു അറിയാം. ഒടുവിലാണു താൻ ഒപ്പിട്ടതു ഒരു തീറാധാരത്തിലാണെന്നു ഈ പാവപ്പെട്ടവൻ മനസ്സിലാക്കുന്നതു്. ഇങ്ങനെ കൃത്രിമമായ പ്രേരണയും സ്വാധീനവുംകൊണ്ടു തന്റെവക വസ്തുക്കൾ നഷ്ടപ്പെട്ടുപോയ അനവധി സ്ത്രീകളുണ്ടു്. ഇവർക്കുക്കെയും രക്ഷാവ്യവസ്ഥകൾ ഉണ്ടാകേണ്ടതു വളരെ ആവശ്യമാണു്. ആ വ്യവസ്ഥ ഇപ്പോൾ ഈ ബില്ലിൽ കാണുന്നില്ല. സർ, ഞാൻ ഒരു പെൺകുട്ടിയെ പത്തു പതിനെട്ടു വയസുവരെ വളർത്തുന്നു എന്നു വിചാരിക്കുക. എന്റെ സ്വന്തം സന്താനമാണു ആ കുട്ടി. ഞാൻ ആ കുട്ടിയെ വളർത്തുന്നതു് എനിക്കു പ്രായമാകുന്ന അവസരത്തിൽ എന്നെ സംരക്ഷിക്കുവാനാണു്. എന്നാൽ തൽക്കാലാവശ്യത്തിനിമിത്തം അവളെ മറ്റൊരു സ്ഥലത്തേക്കു ജോലിക്കു അയയ്ക്കുന്നു. കുറച്ചുകാലം കഴിഞ്ഞു ഞാൻ അവളെ അന്വേഷിച്ചു അവിടെ ചെല്ലുമ്പോൾ അവളെ ഒളിച്ചുവച്ചുകൊണ്ടു ഇവിടെ ഇല്ലെന്നു പറയുന്നു. ഞാൻ വിവാഹം ചെയ്തു സന്താനമുണ്ടാക്കിയതു് ഞാൻ കഷ്ടപ്പെടുന്ന അവസരത്തിൽ എന്നെ സംരക്ഷിക്കാനാണു്. എനിക്കു വിശക്കുമ്പോൾ ഒരു തുള്ളി കഞ്ഞിതരുന്നതിനും വസ്ത്രങ്ങൾ അടിച്ചു തരുന്നതിനും മറ്റും അവർ ഉപകരിക്കുമല്ലൊ എന്നു കരുതിയാണു്. അതിലേക്കു അവളെ അന്വേഷിച്ചു ചെല്ലുമ്പോൾ അവർ ഇവിടെയില്ല എന്നു പറയുന്ന രീതിയിലാണു ഇപ്പോൾ ഈ ബില്ലുകൊണ്ടുവന്നിരിക്കുന്നതു്. ഈ ബില്ലു ഞങ്ങൾക്കു വളരെ അനുഗ്രഹപ്രദമാണെന്നും ഞങ്ങൾക്കുവേണ്ടി കൊണ്ടുവന്നിട്ടുള്ളതാണെന്നും ഞാൻ സമ്മതിക്കുന്നുണ്ടെങ്കിലും ഈ നിലയിൽ ഈ ബില്ലു് പാസാക്കുകയാണെങ്കിൽ ഞങ്ങൾക്കു വളരെ ഉപദ്രവമുണ്ടാകും. ഇപ്പോൾ കുടികിടപ്പിൽ കിടക്കുന്ന അനവധി അമ്മമാരെ അവിടെനിന്നും തുരത്തപ്പെടും. അതിനാൽ എന്റെ ഈ ഭേദഗതി ബഹുമാനപ്പെട്ട ഈ സഭ സ്വീകരിക്കണമെന്നു അപേക്ഷിക്കുന്നു

MR. P. T. CHACKO : ബില്ലിലെ ര-ാംവകുപ്പും ഭ-ാംവകുപ്പുംകൂടി വായിച്ചിട്ടു മെമ്പറുടെ അഭിപ്രായം ശ്രദ്ധവൽക്കരിച്ചാൽകൊള്ളാം.

MR. P. S. NATARAJA PILLAI : Sir, I would like to speak one or two words in support of this motion. Radical changes have been brought about in the proprietory right on land and I am not questioning them. But it introduces a new kind of property which is heritable, A right is created on land for a particular class of individuals who can inherit but cannot alienate, as far as that right is

LIBRARY ARCHIVES Kerala Legislative Assembly

concerned. I submit that must be thought over and as far as my knowledge goes, it is a new conception of some right. On a reading of the definition in this bill, if there is kudiyirippu it is by permission and if by permission a particular piece of land is held by another and if there are improvements, the benefit of which will go not to the kudiyiruppukaran, but to the owner of the property as is defined herein. My friend Mr. Adichan was saying that the permissive clause creates a difficulty. What I think is kudiyirippukaran will be taken to have occupied that land with the permission of the owner. It is only a permissive right that is conferred on him. All the improvements and the value thereto will go to the owner and not to the kudiyiruppukaran if the law is strictly interpreted because he has no right except the right of occupation of the site. That is inalienable and it is not a right vested by law to deal with it, You have allowed the use of land only. Improvements made will go to benefit the owner, unless some provision is made therefor. It is this aspect I wanted to point out.

MR. A K. PATCHU PILLAI : സർ, മി. ആദിച്ചന്റെ ഭേദഗതിയെ ഞാൻ അനുകൂലിക്കുന്നു. എന്നാൽ അദ്ദേഹം പറഞ്ഞിട്ടുള്ള തത്വങ്ങളിലും ഉദാഹരണങ്ങളിലും ചിലതെല്ലാം ഈ ഭേദഗതിയോടു യോജിക്കുന്നില്ലെങ്കിലും ഭേദഗതി സ്വീകാര്യമാണ്. ചില ഉടമസ്ഥന്മാരുടെ അനുവാദം ഉണ്ടെങ്കിലും ഇല്ലെങ്കിലും ഏതെങ്കിലും സ്ഥലത്തു് ഒരാൾ കുടിയിരിപ്പായി താമസിക്കുന്നപക്ഷം ആ കുടിയിരിപ്പുകാരെ ഇറക്കാതിരിക്കുവാൻ ഈ ബില്ലിൽ ഒരു വ്യവസ്ഥയുമില്ല. കുടിയിരിപ്പുകാരൻ പേർ രജിസ്റ്റർ ചെയ്യണമെന്നു ഒരു വ്യവസ്ഥ ഇതിലുണ്ടെന്നു ഞാൻ സമ്മതിക്കുന്നു. എന്നാൽ പ്രായോഗികമായി നോക്കുമ്പോൾ ആ വ്യവസ്ഥ അപ്രയോഗമായിട്ടാണിരിക്കുന്നതു്. ഒരാളെ ഒരു സ്ഥലത്തു താമസിക്കാൻ അനുവദിക്കുന്നു. അയാളുടെ പിൻഗാമികൾ വന്നു നിന്നെ താമസിപ്പിക്കുവാൻ ഞാൻ അനുവദിക്കുകയില്ലെന്നു പറഞ്ഞാൽ ഈ കുടിയിരിപ്പുകാരന്റെ നില എന്തായിരിക്കും? അതുകൊണ്ടു അല്പം ഉടമസ്ഥൻ അനുവദിച്ചാലും ഇല്ലെങ്കിലും കുടിയിരിപ്പുകാരനു ആ സ്ഥലത്തു അവകാശം ഉണ്ടായിരിക്കണമെന്ന തത്വത്തോടു ഞാൻ യോജിക്കുന്നു.

HON'BLE MR. A. J. JOHN : ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു; കുടിയിരിപ്പുകാരന്റെ അവകാശത്തെ ഈ ബില്ലിലെ ർ-ാംവകുപ്പു ു-ാംഉപവകുപ്പിൽ വേണ്ട വിധം സംരക്ഷിക്കത്തക്കവിധം വ്യവസ്ഥ ചെയ്തിട്ടുണ്ടു്. ഈ നിയമം നടപ്പിൽ വരുന്ന തീയതിയിൽ ഏതെങ്കിലും സ്ഥലത്തു ആരെങ്കിലും കുടിയിരിപ്പായി കിടക്കുന്നുണ്ടെങ്കിൽ അവർ

LIBRARY ARCHIVES Kerala Legislative Assembly

[Hon'ble Mr. A. J. John.]

ആ സ്ഥലം ഉടമസ്ഥന്റെ അനുവാദത്തോടുകൂടി കിടക്കുന്നവരായി പരിഗണിക്കുന്നതാണെന്ന അതിൽ പറഞ്ഞിട്ടുണ്ട്. എന്നാൽ മേലാലുള്ള കുടികിടപ്പുകാർ ഉടമസ്ഥന്റെ അനുവാദം ക്രടാതെ കയറി താമസിക്കണമെന്നാണ് ബഹുമാനപ്പെട്ട മെമ്പർ പറയുന്നതെങ്കിൽ അതു അനുവദിക്കുവാൻ നിവൃത്തിയില്ല. അങ്ങനെ നോക്കുമ്പോൾ ഒരു ഉടമസ്ഥനും ശരിയായി കിടക്കുന്നതിനു സ്ഥലം ലഭിക്കുകയില്ല.

MR. P. C. ADICHAN : അങ്ങനെയുള്ള കുടികിടപ്പുകാരൻ സ്ഥലം ഉടമസ്ഥനുമായി ഒരു കരാർ ചെയ്യുവാൻ എല്ലായ്പോഴും ഒക്കുമെന്നു തോന്നുന്നുണ്ടോ?

HON'BLE MR. A. J. JOHN : നാലാംവകുപ്പു രണ്ടാംഉപവകുപ്പിൽ പറയുന്നതു ഇങ്ങനെയാണ്.

Every Kudikidappukaran who is at the date of commencement of this Act in occupation of a kudiyiruppu to which this Act applies.....

ഈ ആക്ട് നടപ്പിൽവരുന്ന തീയതിയിൽ എവിടെയെല്ലാം കുടികിടപ്പുകാർ ഉണ്ടോ അവരെയെല്ലാം ഉടമസ്ഥന്റെ അനുവാദത്തോടുകൂടി താമസിക്കുന്ന ആളുകളായി പരിഗണിക്കുന്നതാണ് എന്നു അതിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. അവരെ ആക്കും ഇറക്കാൻ ഒക്കുകയില്ല. മേലാൽ ആരെങ്കിലും എവിടെയെങ്കിലും താമസിക്കാൻ വരികയാണെങ്കിൽ അവർക്കുകൂടി ഈ രക്ഷാവ്യവസ്ഥ ബില്ലിൽ ഉൾപ്പെടുത്താൻ സാദ്ധ്യമല്ല.

The amendment was put to vote and lost.

6. MR. P. K. KRISHNAN SASTRI : ക്ലസ്സ് 2 ഡി. വകുപ്പിൽ 'കുടികിടപ്പുകാരൻ എന്നാൽ' എന്നു കഴിഞ്ഞു 'ഒരു വീടോ, ഒരു വീടു പണിയുന്നതിനു സ്വന്തഭൂമിയോ ഇല്ലാത്തവനും' എന്നും 'കുടിയിരിപ്പു എന്നാൽ അപ്രകാരം നൽകിയിട്ടുള്ള സ്ഥലവും' എന്നു കഴിഞ്ഞു 'ഉടമസ്ഥന്റെ അനുവാദത്തോടുകൂടി' എന്നും ഉള്ള പദങ്ങൾ എടുത്തുകളയുക എന്നാണ് എന്റെ ഭേദഗതി.

HON'BLE MR. A. J. JOHN : ആ ഭേദഗതി തന്നെയാണ് മി. അഡിച്ചൻ ഇവിടെ അവതരിപ്പിച്ചതു്.

MR. P. K. KRISHNAN SASTRI : മി. അഡിച്ചൻ പറഞ്ഞതു മാത്രമല്ല എന്റെ ഭേദഗതി. എനിക്കു അതിനെപ്പറ്റിയും ചില കാര്യങ്ങൾ പറയുവാനുണ്ട്.

MR. PRESIDENT : മി. അഡിച്ചന്റെ ഭേദഗതി ഇതു തന്നെയാണ്. അതുകൊണ്ടു മി. ശാസ്ത്രിക്കു ഇതിനെപ്പറ്റി സംസാരിക്കണമെന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

MR. P. K. KRISHNAN SASTRI : മി. ആദിച്ചന്റെ ഭേദഗതിയും എന്റെ ഭേദഗതിയും തമ്മിൽ കുറച്ചു വ്യത്യാസമുണ്ട്. 'ഒരു വീടോ, വീട് പണിയുന്നതിനു സ്ഥലമോ' ഇല്ലാത്തവനും എന്നുള്ള ഭാഗത്തെപ്പറ്റിയാണ് എനിക്കു പറയുവാനുള്ളത്.

സർ, കുടിയിറക്ക് ഇത്ര ധാരാളമായി ഈ അടുത്തകാലത്താണുണ്ടായിട്ടുള്ളത്. മുൻകാലങ്ങളിൽ കുടിയിറക്കുകൾ ഉണ്ടായിരുന്നില്ല എന്നു ഞാൻ പറയുന്നില്ല. മുൻകാലങ്ങളിൽ വസ്തുഉടമസ്ഥന്മാരും കുടികിടപ്പുകാരും തമ്മിൽ വളരെ സൗഹാർദ്ദമായി കഴിഞ്ഞുവന്നിരുന്നു. അങ്ങനെ ഒന്നുരണ്ടു തലമുറകളായി ഏതെങ്കിലും ഒരു സ്ഥലത്തു ഭോഗണ്ഡിച്ചു അതിലെ അനുഭവവും എടുത്തു താമസിച്ചുപോരുന്ന ഒരു നീതിയാണു അന്നുണ്ടായിരുന്നത്. ഇപ്പോഴും ആ നിലയിൽ താമസിക്കുന്ന അനേകം കുടികിടപ്പുകാരുണ്ട്. എന്നാൽ അടുത്തകാലത്തു ഈ കുടികിടപ്പുകാരും വസ്തുഉടമസ്ഥന്മാരും തമ്മിലുള്ള സൗഹാർദ്ദബന്ധത്തിനു അയവു തട്ടിത്തുടങ്ങി. കുടികിടപ്പുകാരെ ഇറക്കിവിടുന്നതിനുള്ള ശ്രമം വസ്തുഉടമസ്ഥന്മാർ സ്വീകരിച്ചുതുടങ്ങി. ഇപ്പോൾ അതു അതിന്റെ മൂർധന്യദശയിൽ എത്തിയിട്ടുണ്ട്.

MR. T. A. ABDULLA : Sir, on a point of order. ക്ലാസു ഡി.യിൽ അതു കാണുന്നില്ല. അതു ലാൻഡ് ഹോൾഡേഴ്സിന്റെ ഡൊഫനിഷ്യനാണ്. അതിനു ഈ അമൻഡുമെന്റു സംഗതമല്ല. അതുകൊണ്ടു അതു രൂപഒട്ടചെയ്യണമെന്നാണു എന്റെ പോയിന്റ് ആഫ് ആർഡർ.

MR. P. K. KRISHNAN SASTRI : സർ, ഞാൻ വായിച്ചതു 'കുടികിടപ്പുകാരൻ' എന്നാൽ 'ഒരു വീടോ, ഒരു വീട് പണിയുന്നതിനു സ്വന്തഭൂമിയോ ഇല്ലാത്തവനും' എന്നാണ്. അനേകനാളായി ഒരു വസ്തുവിൽ താമസിച്ചുകൊണ്ടിരിക്കുന്ന ഒരു കുടികിടപ്പുകാരനു അവന്റെ ജന്മിയിൽ നിന്നു ഭോഗണ്ഡമനുസരിച്ചുള്ള ആദായം കിട്ടാനുള്ള അവകാശം ഈ അടുത്തകാലംവരെ കിട്ടിക്കൊണ്ടിരുന്നു. മറ്റു കുടികിടപ്പുകാരനു അവന്റെ ദീർഘകാലത്തെ പ്രയത്നഫലമായി ഒരു പക്ഷെ, അല്പം സ്ഥലമോ ഒരു വീടോ ഉണ്ടാക്കാൻ സാധിച്ചു എന്നു വരാം. ഭോഗണ്ഡത്തിന്റെ പ്രതിഫലം ഈ നിയമം ഒന്നും ഇല്ലാതിരുന്ന കാലത്തുതന്നെ ജന്മിയിൽ നിന്നും അവനു ലഭിച്ചുകൊണ്ടിരുന്നു. എന്നാൽ അവനു അല്പം സ്ഥലമുണ്ടെന്നുള്ള കാരണത്താൽ ഭോഗണ്ഡാവകാശം ലഭിക്കാതെ കുടിയിറങ്ങണമെന്നു പറയുന്ന ഈ വ്യവസ്ഥ ഇരുന്നാൽ അതു് അങ്ങനെയുള്ള

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. K. Krishnan Sastri.]

പാവങ്ങൾക്ക് വളരെ സങ്കടകരമാണ്. അങ്ങനെ ഇറക്കിവിടാതിരിക്കാനായി ആ ഭാഗം എടുത്തുകളയണമെന്നാണ് എന്റെ ഭേദഗതി. ഈ രാജ്യത്തെ പാവപ്പെട്ട ജനങ്ങളെ സഹായിക്കാനുള്ള ഒരു നിയമമാണ് ഇതെങ്കിൽ, ഒരു കുടികിടപ്പുകാരൻ അവന്റെ സ്വന്തപ്രയത്നംകൊണ്ട് അല്പം സ്ഥലം സമ്പാദിച്ചാൽ, അനേക തലമുറകളായി അവൻ കുടികിടന്നു ഭോഗണ്ഡംചെയ്തിട്ടുള്ള ഭൂമിയിൽനിന്നു വെറുതെ ഇറങ്ങിപ്പോകണമെന്നു പറയുന്നതു നീതിയല്ല. എന്നാൽ ഈ വ്യവസ്ഥയിരുന്നാൽ അവനെ വെറുതെ ഇറക്കിവിടുവാൻ സാധിക്കും. അതുണ്ടാകാതെയിരിക്കുവാൻവേണ്ടി ഈ ഭേദഗതി സ്വീകരിക്കണമെന്നാണ് ബഹുമാനപ്പെട്ട അംഗങ്ങളോട് എനിക്കപേക്ഷിക്കുവാനുള്ളതു്.

MR. P. C. ADICHAN: സർ, ഞാൻ ഈ ഭേദഗതിയെ പിൻതാങ്ങുന്നു. ഞാൻ ഒരു കുടികിടപ്പുകാരനാണ്. എന്റെ മകൻ അമേരിക്കയിൽ പോയി കുറെ പണം എന്റെ പേക്ക് അയച്ചുവെന്നിരിക്കട്ടെ. ആ പണംകൊണ്ട് ഞാൻ എന്റെ പേരിൽ വസ്തു വാങ്ങിച്ചു. ആ ഒറ്റക്കാരണംകൊണ്ടു പത്തിരുപത്തഞ്ചുകൊല്ലമായി ഞാൻ കുടികിടക്കുന്ന വസ്തുവിന്റെ യജമാനനെ സേവിച്ചിട്ടു വെറും കൈയായി പോകണമെന്നു പറയുന്നതു ശരിയല്ല. ഈ ബില്ല് ഇതുപോലെ പാസാക്കിയാൽ ക്രൂരനായ യജമാനനാണെങ്കിൽ എനിക്കു ദോഷം വരും. യുദ്ധകാലത്തു അമേരിക്കയിൽ പോയി കിട്ടിയ പണംകൊണ്ട് അല്പം വസ്തുവുണ്ടാക്കി എന്ന കാരണത്താൽ ഒരു കുടികിടപ്പുകാരന് അവൻ താമസിക്കുന്ന വസ്തുവിലുള്ള അവകാശം നഷ്ടപ്പെടാൻ പാടില്ല. ഈ ഭേദഗതി സ്വീകരിച്ചില്ലെങ്കിൽ അങ്ങനെ ഇറങ്ങിപ്പോകേണ്ട ഒരു നില വന്നുപോകുമെന്നുള്ളതാണു മി. ശാസ്ത്രിയുടെ ഭേദഗതി. ദീർഘകാലത്തെ ഭോഗാധാനംകൊണ്ട് അര ഏക്കർ വസ്തു വാങ്ങിപ്പോയി എന്ന ഒറ്റക്കാരണംകൊണ്ടു കുടികിടപ്പുകാരൻ വസ്തുവിൽനിന്നു ഒഴിയണം എന്ന ഒരു പരിതഃസ്ഥിതി വന്നുപോകാതിരിക്കണം. അതിനാൽ ഞാൻ മി. ശാസ്ത്രിയുടെ ഭേദഗതിയെ ശക്തിയായി അനുകൂലിക്കുന്നു.

HON'BLE MR. A. J. JOHN: ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. ഇതിനു മുൻപു പറഞ്ഞ കാരണങ്ങൾ തന്നെയാണ് എനിക്കുള്ളതു്.

The amendment was put and lost.

MR. P. NANOO: I am not moving amendments nos. 7 and 8

The question that clause 2 stands part of the bill was put and carried.

The clause was added to the bill.

LIBRARY ARCHIVES Kerala Legislative Assembly

CLAUSE 3.

MR. P. C. ADICHAN : Sir, I move that in clause 3, sub-clauses (a) and (g) may be deleted and the subsequent clauses renumbered.

സർ, ഈ രാജ്യത്തെ പിന്നോക്ക സമുദായക്കാർക്ക് ഏതെങ്കിലും ഒരു ആശ്രയമുണ്ടെങ്കിൽ അത് ബഹുമാനപ്പെട്ട ഗവണ്മെൻറിന്റെ ആശ്രയമല്ലാതെ മറെറാന്നുമല്ല. മറെറാശ്രയം ഇല്ലെന്നല്ല. ഏറെറവും കൂടുതൽ ആശ്രയം ഗവണ്മെൻറിൽനിന്നുതന്നെയാണ് എന്ന് എനിക്ക് ഉറപ്പു പറയാൻ സാധിക്കും. നിലവിലുള്ള ഗവണ്മെൻറാണെങ്കിലും അല്ലെങ്കിലും ഇനി വരാൻപോകുന്ന ഗവണ്മെൻറാണെങ്കിലും മറെറ സമുദായക്കാരോടു കിടപിടിക്കത്തക്കവണ്ണം ഒരു സാഹചര്യം ഉണ്ടാകുന്നതുവരെ പിന്നോക്ക സമുദായക്കാരെന്നു ഞാൻ പറയുന്നില്ല. സ്വന്തകാലിൽനിൽക്കാൻ ത്രാണിയില്ലാത്തവർക്ക് ഗവണ്മെൻറിനെ ആശ്രയിക്കാതെ തരമില്ല. ഇന്നു കുടികുടപ്പുകാർ ധാരാളം ഗവണ്മെൻറു ഭൂമിയിൽ പ്രവേശിച്ചിട്ടുണ്ട്. ഗവണ്മെൻറു ഭൂമിയിൽ താമസിക്കുന്ന കുടികിടപ്പുകാരെ ഈ ബില്ലിന്റെ പരിധിയിൽനിന്നു ഒഴിവാക്കിയിരിക്കുകയാണ്. ഇതിനെ സാധൂകരിക്കാൻ ഒരു പക്ഷേ മറെറ നിയമങ്ങൾ ഉണ്ടായിരിക്കാം. അതു ഞാൻ അറിയാതെയല്ല പറയുന്നത്. പക്ഷേ അതെന്താണെന്നറിയണം. ഇതു സംബന്ധിച്ച എന്തുനയമാണ് ഗവണ്മെൻറു സ്വീകരിച്ചിരിക്കുന്നതെന്നറിയണം. ഗവണ്മെൻറുവസ്തുവിൽ പിന്നോക്കസമുദായക്കാർ താമസിക്കുന്നതു് അഹങ്കാരംകൊണ്ടല്ല. അവർ നിവൃത്തിയില്ലാതെ മറെറാരുടെ സ്ഥലത്തു് അടകുടിയായി താമസിക്കുകയാണ്. അവരെ അവിടെനിന്നു ഇറക്കിവിടുകയല്ലെന്നു അവകാശമാം. എന്നാൽ ഈ ബിൽ വരുമ്പോൾ ഗവണ്മെൻറിന്റെ നില എന്താണിരിക്കുമെന്നു അറിയാനുള്ള ആവേശം കൊണ്ടാണ് ഞാൻ ഈ അഭിപ്രായം പറയുന്നത്.

മറെറാരു സംഗതി പറയാനുള്ളതു് മുനിസിപ്പാലിറികളെ സംബന്ധിച്ചാണ്. മുനിസിപ്പൽ അതിർത്തികളിൽ സ്വന്തം ഭൂമിയില്ലാതെ ധാരാളം ആളുകൾ താമസിക്കുന്നുണ്ട്. തിരുവനന്തപുരം പട്ടണത്തിൽ ഏകദേശം ആയിരത്തോളം ആളുകൾ താമസിക്കുന്നുവെന്നാണ് കഴിഞ്ഞ സെൻസസ് റിപ്പോർട്ടുകൊണ്ടു കാണുന്നത്. ഇതിൽ അധികമാളുകളും സ്വന്തഭൂമിയുള്ളവരല്ല. ടൗണിൽ ധാരാളം രമ്യഹർമ്മ്യങ്ങളുണ്ടെങ്കിലും ഗ്രാമപ്രദേശങ്ങൾപോലെയുള്ള സ്ഥലങ്ങളും ടൗണതിർത്തിയിലുണ്ട്. അവിടെയെല്ലാം അന്യസ്ഥലങ്ങളിൽനിന്നുവന്നു താമസിക്കുന്നുണ്ട്. ഈ ബിൽമൂലം അവരെല്ലാം കുടിയിറക്കേണ്ടതായിവരും, ഇതു സംബ

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. C. Adichan.]

ഡിച്ച് മുനിസിപ്പാലിറ്റി നിയമങ്ങൾ കാണുമായിരിക്കാം. അവരെ സംരക്ഷിക്കേണ്ടതു ഗവണ്മെൻറിന്റെ കടമയായതിനാൽ ഈ ക്ലാസിലെ എ-യും ജി-യും ഉപവകുപ്പുകൾ എടുത്തുകളയണം എന്നാണ് എന്റെ അഭിപ്രായം. അതുകൊണ്ട് ഞാൻ ഈ ഭേദഗതി സഭയുടെ പരിശോധനയ്ക്കായി അവതരിപ്പിക്കുന്നു.

MR. P. CHACKO: ശ്രീമാൻ അടിച്ചൻ അവർകൾ അഭിപ്രായപ്പെട്ടതുപോലെ ഈ ബില്ലിലെ നാംവകുപ്പിലെ എ. ജി. എന്നീ ഉപവകുപ്പുകൾ എടുത്തുകളയണമെന്നുള്ളതാണ് എന്റെയും ഭേദഗതി. ഇവിടെ ഞാൻ അനേകം ഭേദഗതികൾ അവതരിപ്പിക്കുന്നതിന് നോട്ടീസ്സു കൊടുത്തിട്ടുണ്ടെങ്കിലും അതുകൊണ്ട് ഈ ബിൽ പാസ്സാകാൻ താമസം വരുമെങ്കിൽ അതൊരു വലിയ തെറ്റായിരിക്കുമെന്നു ഞാൻ കരുതുന്നതിനാൽ മറ്റുള്ള ഭേദഗതികൾ ഒന്നുംതന്നെ അവതരിപ്പിക്കണമെന്നു വിചാരിക്കുന്നില്ല. ക്രടാതെ നാംവകുപ്പിന്റെ പരിധിയിൽ നിന്നു ഗവണ്മെൻറ് സ്ഥലങ്ങളെയും മുനിസിപ്പൽ അതിർത്തിയിലുള്ള സ്ഥലങ്ങളെയും ഒഴിവാക്കിയിട്ടുണ്ടെങ്കിലും അവകൂടി ചേർത്ത് ഈ ബിൽ പാസാക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. തിരുവിതാംകൂറിലെ പുറംപോക്കു സ്ഥലങ്ങളിൽ വസ്തുവില്ലാത്തവർ ധാരാളം താമസിക്കുന്നുണ്ടെന്നുള്ളതു പരമാർത്ഥമാണ്. മറ്റുള്ളവരുടെ പുരയിടത്തിൽ താമസിക്കുമ്പോൾ ശരിയായ സ്വാതന്ത്ര്യം ലഭിക്കാത്തതുകൊണ്ട് ഗവണ്മെൻറു വക സ്ഥലങ്ങളിൽ പ്രവേശിച്ചു താമസിക്കുന്നു. കൂലിവേലചെയ്തു ജീവിക്കാമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് അവർ അവിടെ കുടിതാമസിക്കുന്നതു്. എന്നാൽ അങ്ങനെയുള്ള സ്ഥലത്തുനിന്നു അവരെ ഇറക്കിവിടണമെന്നു വ്യവസ്ഥ ചെയ്യുന്ന എ. ഉപവകുപ്പു് എടുത്തുകളഞ്ഞിട്ട് ആ വക സ്ഥലത്തു താമസിക്കുന്നവർക്കു പ്രസ്തുത സ്ഥലങ്ങൾ ഗവണ്മെൻറു നൽകണം. ഗവണ്മെൻറുവസ്തുക്കൾ കുത്തകപ്പാട്ടത്തിനു കൊടുത്താൽ ഗവണ്മെൻറിനു ആദായം കിട്ടുമെന്നുള്ള കാര്യം എനിക്കറിയാം. അതുകൊണ്ട് ഈ ബില്ലിലെ നാംവകുപ്പിലെ "എ" ഉപവകുപ്പിൽ പറഞ്ഞിരിക്കുന്ന ഗവണ്മെൻറുഭൂമികൾകൂടി ഈ ബില്ലിന്റെ പരിധിയിൽപ്പെടുത്തണമെന്നാണ് എന്റെ ഒന്നാമത്തെ ഭേദഗതി. അതുപോലെതന്നെ ഈ ബില്ലിന്റെ പരിധിയിൽനിന്നു തിരുവനന്തപുരം പട്ടണത്തെയും തിരുവിതാംകൂറിലെ എല്ലാ മുനിസിപ്പാലിറ്റികളെയും ഒഴിവാക്കണമെന്നാണ് ജി. വകുപ്പുകൊണ്ടുദ്ദേശിക്കുന്നതു്. കളക്ടരാഫീസിന്റെ പരിസരങ്ങൾ ജനനിബിഡമായിരിക്കുന്നതുപോലെ തിരുവനന്തപുരം പട്ടണത്തിന്റെ ബാക്കി ഭാഗങ്ങൾ ജനനിബിഡമല്ലെന്നു നമുക്കറിയാം.

LIBRARY ARCHIVES Kerala Legislative Assembly

ഈ പട്ടണത്തിന്റെ പല ഭാഗങ്ങളിലും വസ്തുരഹിതരായ ധാരാളമാളുകൾ അന്യരുടെ ഭൂമികളിൽ അടകൂടി താമസിക്കുന്നുണ്ട്. അവർക്കുകൂടി ഈ ബില്ലിന്റെ ഗുണങ്ങൾ ലഭിക്കുന്നില്ലെങ്കിൽ അവർക്ക് തീർച്ചയായും വലിയ കഷ്ടപ്പാടുകളും പ്രയാസങ്ങളും ഉണ്ടാകും. മുനിസിപ്പാലിറ്റികളെ സംബന്ധിച്ച് പറയുന്നപക്ഷം ഈ അടുത്തകാലത്തു മുനിസിപ്പാലിറ്റികളുടെ വരവു വർദ്ധിപ്പിക്കുവാൻ ഗ്രാമപ്രദേശങ്ങൾ ധാരാളമായി അവയോടുകൂടി ചേർത്തിട്ടുണ്ട്. അങ്ങനെ വിസ്തൃതമായ മുനിസിപ്പാലിറ്റിക്കുള്ളിൽ താമസിക്കുന്ന അടകൂടിക്കാരെക്കൂടി ഈ ബില്ലിന്റെ പരിധിയിൽ കൊണ്ടുവന്നിട്ടില്ലെങ്കിൽ അതു അനീതിയായിരിക്കും. മുനിസിപ്പൽ അതൃത്തിക്കു തൊട്ടു വെളിയിൽ താമസിക്കുന്ന ഒരു അടകൂടിക്കാരനു സ്ഥിരമായി താമസിക്കുവാനുള്ള ഒരു വ്യവസ്ഥയുണ്ടാക്കുകയും അതേസമയത്തു് മുനിസിപ്പൽ അതൃത്തിയിലായതുകൊണ്ടു മാത്രം ഒരു അടകൂടിക്കാരൻ അവന്റെ കുടി ഒഴിഞ്ഞുകൊടുക്കണമെന്നു പറയുന്നതു ന്യായമാണെന്നു എനിക്കു തോന്നുന്നില്ല. സിറ്റിയുടെയും മുനിസിപ്പാലിറ്റിയുടെയും വ്യവസ്ഥാനങ്ങളിൽ താമസിക്കുന്നവർക്കു ചില പ്രത്യേക ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ട്. വെള്ളം ശരിയായി വീട്ടിലോ വീട്ടിന്റെ അടുത്തോ കിട്ടും, ലൈറ്റു കിട്ടും കൂടാതെ മറ്റു പല സൗകര്യങ്ങളുമുണ്ട്. എന്നാൽ പാവപ്പെട്ടവനു ഇതൊന്നും കിട്ടാറില്ല. അവനു അതിനു കഴിവുമില്ല. ആയതിനാൽ വെളിയിൽ താമസിക്കുന്നവരെക്കാൾ യാതൊരുവിധത്തിലും വ്യത്യസ്തമല്ലാത്തരീതിയിൽ മുനിസിപ്പൽ അതൃത്തികളിൽ താമസിക്കുന്ന അടകൂടിക്കാർക്കുകൂടി ഈ ബില്ലിന്റെ ഗുണം ഉണ്ടാകത്തക്കവണ്ണം ജി. ഉപവകുപ്പും ഗവണ്മെന്റു ഭൂമികളെക്കൂടി ഈ ബില്ലിന്റെ പരിധിയിൽ കൊണ്ടുവരത്തക്കവണ്ണം (എ) ഉപവകുപ്പും എടുത്തുകളയണമെന്നുള്ള ഭേദഗതി ഞാൻ സഭയിൽ അവതരിപ്പിക്കുന്നു.

MR. THARIATHU KUNJITHOMMAN : സർ, ഈ ബില്ലിലെ നാലാമത്തെ വകുപ്പിലെ (എ). ജി. ഉപവകുപ്പുകൾ എടുത്തുകളയണമെന്നുള്ള ഭേദഗതിയോടു് ഞാനും അനുകൂലിക്കുന്നു. ഭൂമിയുടമസ്ഥന്മാർ ഇനി അവർക്കു് ഭൂമി താമസിക്കാൻ കൊടുക്കുന്നതല്ലാത്തതിനാൽ ഗവണ്മെന്റു ഭൂമികളിൽനിന്നും അവരെ ഇറക്കിവിട്ടാൽ അവർ വഴിയാധാരമായിപ്പോകും. അതുകൊണ്ടു് വ്യക്തികളുടെ സ്വകാര്യസ്വത്തു് നിയന്ത്രിക്കുന്നതുപോലെ സർക്കാർ ഭൂമികളും മറ്റുള്ളവർക്കായി വീതിച്ചുകൊടുക്കുന്നതു നന്നായിരിക്കും അല്ലാതെ ഗവണ്മെന്റുവക ഭൂമി കൊടുക്കുവാൻ സാദ്ധ്യമല്ലെന്നു പറയുന്നതു ശരിയല്ല. മറ്റുള്ളവരുടെ സ്വകാര്യസ്വത്തുടമയെ ബാധിക്കുന്ന ഒരു നിയമംആണിതെന്നു ഞാൻ നേരത്തേ പറഞ്ഞു

LIBRARY ARCHIVES Kerala Legislative Assembly

[Mr. Thariathu Kunjithomman.]

കഴിഞ്ഞു. ഗവണ്മെൻറിന്റെ സ്വത്തു പൊതുജനങ്ങൾക്കുള്ളതാണ്. അതിന്റെ ഒരു ഭാഗം ദരിദ്രന്മാരിൽ ദരിദ്രനും അവശരിൽ അവശനും ആയവക്ക് എന്തുകൊണ്ടു വീതിച്ചു കൊടുത്തുകൂടാ എന്ന് ഞാൻ ചോദിക്കുന്നു. അടുക്കടിക്കാരുടെ ജനസംഖ്യയും മറ്റുള്ളവരുടേതുപോലെയോ അതിൽ കൂടുതലായോ വർദ്ധിച്ചുവരികയാണ്. അവക്ക് മേലാൽ ആരുംതന്നെ കുടികിടക്കാൻ ഇടം കൊടുക്കുകയില്ല. ആ നിലയ്ക്ക് അവക്ക് ഏകാവലംബമായിരിക്കുന്നതു് ഗവണ്മെൻറാണ്. ഗവണ്മെൻറ് ഭൂമിയിൽ അവർ കിടന്നാൽ അവിടെനിന്നും ഇറങ്ങിപ്പോകണമെന്നു പറയുന്നതു് ഒരിക്കലും ന്യായമല്ല. അവക്ക് തരിശുഭൂമിയും റിസർവ്വ് ഭൂമിയും കൊടുക്കണം. അല്ലെങ്കിൽ അവർക്കു രക്ഷയില്ല. മറ്റുള്ളവർ അവരെ എങ്ങും കിടത്തുകയില്ല. കേറി കിടക്കാൻ സ്ഥലം കൊടുത്തവർക്കു വന്ന അനുഭവം കാണുമ്പോൾ ഇനിമേലാൽ ഒരു കുഞ്ഞുപോലും അവർക്കു താമസിക്കാൻ സ്ഥലം കൊടുക്കുകയില്ല.

MR. MANNATHU PADMANHABHA PILLAI : അങ്ങനെയുള്ള ഒരു ബില്ലാണോ ഇവിടെ പാസാക്കാൻ പോകുന്നതു്.

MR. THARIATHU KUNJITHOMMAN : അതേ, അങ്ങിനെയുള്ളതാണ്. ഇതിനുമുമ്പു് ഒരു സെൻറുസ്ഥലം ഉള്ളവനും അവന്റെ വസ്തുവിന്റെ ഒരു കോണിൽ സാധുക്കളെ താമസിക്കുവാൻ അനുവദിച്ചുകൊണ്ടിരുന്നു. അന്നു അങ്ങനെ ഒരു കരുണ കാണിച്ചതു് ഇന്നു വിഷമമായിത്തീർന്നു. ഇപ്പോൾ അവർക്ക് അവരുടെ ഭാവിയെക്കുറിച്ചുകൂടി ചിന്തിക്കേണ്ടിയിരിക്കുന്നു. ഈ പരിതഃസ്ഥിതിയിൽ ഈ സാധുക്കൾ എങ്ങോട്ടു പോകും? റിസർവ്വുവനങ്ങളിൽ ക്രൂരജന്തുക്കൾക്കുകൂടി സ്വച്ഛന്ദം വിഹരിക്കാം. എന്നാൽ മനുഷ്യനു പാടില്ല. തിരുവിതാംകൂറിന്റെ നൂറു ശതമാനം റിസർവ്വുഭൂമിയാണ്. ശരാശരി ഒരാൾക്ക് ന. 2 സെൻറു ഭൂമി മാത്രമേ ഉള്ളുവെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നതു്. അതുകൊണ്ടു് അടുക്കടിക്കാരെ ഗവണ്മെൻറുഭൂമിയിൽനിന്നും ഒരിക്കലും ഒഴിപ്പിക്കാൻ പാടില്ല. ഗവണ്മെൻറുഭൂമി അവർക്കു ദാനമായി കൊടുക്കണം.

അതുപോലെതന്നെ തിരുവനന്തപുരം പട്ടണത്തേയും മുനിസിപ്പാലിറ്റികളേയും ഈ ബില്ലിന്റെ പരിധിയിൽനിന്നും ഒഴിവാക്കാൻ പാടില്ല. അവിടെ താമസിക്കുന്നതു് വലിയ ഗവണ്മെൻറ് ഉദ്യോഗസ്ഥന്മാർ, വ്യവസായികൾ, കച്ചവടക്കാർ, വലിയ വരവുള്ള വക്കീലന്മാർ മുതലായ പരാണ്. അവർക്കു കുടിയിറക്കു കാര്യത്തിൽ പൂർണ്ണസ്വാതന്ത്ര്യം കൊടുക്കുന്നതു് സത്യത്തിന്റേയും നീതിയുടേയും പേരിൽ ശരിയല്ല.

LIBRARY ARCHIVES Kerala Legislative Assembly

നാട്ടിൻപുറത്തുള്ള സാധുക്കളുടെ ഭൂമിയിൽനിന്നും കുടിയിറക്കാൻ പാടില്ലെന്നും പട്ടണങ്ങളിൽ താമസിക്കുന്ന കുബേരന്മാരുടെ ഭൂമിയിൽനിന്നും കുടിയിറക്കാമെന്നും വ്യവസ്ഥ ചെയ്യുന്ന ഒരു നിയമം തികച്ചും ആക്ഷേപാർഹമാണ്. പട്ടണങ്ങളിലുള്ള ഭൂമികളിൽ ധാരാളം ദരിദ്രലക്ഷങ്ങൾ താമസമുണ്ടെന്നു നാം മനസ്സിലാക്കണം. അവർ അവരുടെ താമസസ്ഥലങ്ങളിൽനിന്നും ഇറങ്ങിപ്പോകണമെന്നും കുബേരന്മാർക്കു അവരുടെ ഉയർന്ന സൗധങ്ങളിൽ താമസിച്ചുകൊണ്ടു സാധുക്കളെ ഇറക്കിവിടാമെന്നും ഉള്ള ഒരു നിയമം സാധുക്കൾക്കു വേണ്ടിയാണോ എന്നു ഞാൻ ചോദിക്കുന്നു. ദരിദ്രരിൽ ദരിദ്രരും അവശരിൽ അവശരും ആയ ആളുകളെ മനുഷ്യസഹജമായ സ്നേഹംകൊണ്ടു സ്വന്തമായി പതിനഞ്ചുസെൻറ് ഭൂമിയേ ഉള്ളൂ എങ്കിലും അതിന്റെ ഒരു കോണിൽ താമസിച്ചുകൊള്ളുവാൻ അനുവദിച്ചുവർക്കു ഇന്നു വസ്തുവകകളുള്ള അവകാശം നഷ്ടപ്പെടുന്ന ഒരു നിയമമാണ് ഇത്. അങ്ങിനെ ഒരു നിയമം പാസാക്കുമ്പോൾ കുബേരന്മാരെ അതിൽനിന്നും ഒഴിവാക്കി പൂർണ്ണ സ്വാതന്ത്ര്യം നൽകുന്നതു നീതിയുടെ വീക്ഷണകോണത്തിൽക്കൂടി നോക്കുമ്പോൾ സ്പഷ്ടമായ അനീതിയല്ലേ എന്നു ഞാൻ ചോദിക്കുന്നു. ഇതു തികച്ചും അക്രമപരമായ ഒരു ഒഴിവാക്കൽ ആണ്. അതുകൊണ്ടു ഏജി. ഈ ഉപവകുപ്പുകൾ എടുത്തുകളയണമെന്നുള്ള ഭേദഗതിയോടു ഞാൻ പൂർണ്ണമായി യോജിക്കുന്നു.

MR. P. K. KRISHNAN SASTRI : ഈ ഭേദഗതി സ്വീകരിക്കാത്തിടത്തോളം കാലം ഈ ബില്ലുകൊണ്ടു യാതൊരു ഗുണവും ഈ രാജ്യത്തെ പട്ടിണിപ്പാവങ്ങൾക്കുണ്ടാകാനില്ല. ഈ രാജ്യത്തെ അവശസമുദായക്കാർക്ക് എന്തെങ്കിലും സഹായം കിട്ടിയിട്ടുണ്ടെങ്കിൽ അതു ഗവണ്മെൻറിൽനിന്നും അല്ല. മേലിലും ഈമാതിരി സഹായങ്ങൾ ഉണ്ടാകുമെന്നാണ് എന്റെ വിശ്വാസം. കാലക്രമത്തിൽ ഈ അവശസമുദായത്തിൽപ്പെട്ടവർ സ്വന്തമായി അല്പം ഭൂമി സമ്പാദിക്കണമെന്നുള്ള ആഗ്രഹത്തോടുകൂടി ഗവണ്മെൻറ് ഭൂമികളിൽ പ്രവേശിച്ചു താമസിച്ചുവരുന്നു. അങ്ങനെ താമസിച്ചതിന്റെ ഫലമായി ട്രാൻസ്-ൽ ഗവണ്മെൻറിൽനിന്നു ഒരു വിളംബരംമൂലം പന്ത്രണ്ടുകൊല്ലത്തിനുമേൽ താമസമുള്ളവർക്ക് അവരുടെ സ്ഥലങ്ങൾ പതിച്ചുകൊടുക്കാമെന്നു ഗവണ്മെൻറ് നിശ്ചയിച്ചു. ഈ വിളംബരത്തിന്റെ ഫലമായി അനേകം സാധുക്കൾക്ക് വസ്തു സമ്പാദിക്കുവാൻ സാധിച്ചിട്ടുണ്ട്. അതിനുശേഷം തന്നെ അവശസമുദായത്തിൽപ്പെട്ടവർക്കു ഗവണ്മെൻറ് ഭൂമികൾ

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. K. Krishnan .Sastri]

പ്രത്യേകമായി തിരിച്ചിട്ടിട്ടുണ്ട്. ആ സ്ഥലങ്ങൾപോലും ഇന്ന് അന്യരുടെ കൈവശമാണിരിക്കുന്നതു. അതിൻറെ ആവശ്യകാശം അവശ്യസമുദായക്കാക്ക് ഒരു കാലത്തും ലഭിക്കാത്ത രീതിയിൽ മുന്നോക്കസമുദായക്കാർ കൈവശമാക്കിയിരിക്കുകയാണ്. ഇതിലേക്ക് ധാരാളം ഉദാഹരണങ്ങൾ പറയുവാനുണ്ട്. ഇന്ന് ഗവണ്മെൻറിൻറെ സഹായം കൂടാതെ പിന്നോക്കസമുദായക്കാക്ക് വസ്തു സമ്പാദിക്കുവാൻ സാദ്ധ്യമല്ല. വല്ല കാലത്തും പ്രയോജനമുണ്ടാകുമെന്ന കരുതി പുറംപോക്ക സ്ഥലങ്ങളിലും തരിശു ഭൂമികളിലും താമസിച്ചുകൊണ്ടിരുന്നവരെ ഈ നിയമം ഇല്ലാത്ത കാലത്തും അവരുടെ പേരിൽ നിരോധനക്കരം ചുമത്തി ഇറക്കി വിടുവിച്ചിട്ടു ലേലം ചെയ്തിച്ചു ജന്മിമാർ കൈവശപ്പെടുത്തിയിട്ടുണ്ട്. ഇങ്ങനെയുള്ള ധാരാളം സംഭവങ്ങൾ തിരുവിതാംകൂറിൽ നടന്നിട്ടുണ്ട്, നടക്കുന്നുമുണ്ട്. ഇന്ന ഗവണ്മെൻറു സാധുക്കളെ രക്ഷിക്കുവാൻ മുമ്പോട്ടു വന്നിട്ടുള്ളസ്ഥിതിക്ക് ഈ ഭൂമിക്കായ്ത്തിൽ ഗവണ്മെൻറു തന്നെ ആദ്യമായി ഒരു മാതൃക മറുള്ളവക്ക് കാണിച്ചുകൊടുക്കണം. ഗവണ്മെൻറു വക സ്ഥലങ്ങൾ സാങ്കേതികമായ മറു തടസ്സങ്ങൾ ഇല്ലെങ്കിൽ അവശസമുദായക്കാക്കായി പതിച്ചുകൊടുക്കണം. അങ്ങനെയുള്ള ഒരു മാതൃക ഗവണ്മെൻറു കാണിച്ചുകൊടുത്തതിനുശേഷമാണ് പൊതുജനങ്ങൾ ജന്മികൾ ഒരു മാതൃകയായി അതിനെ അനുകരിക്കുവാൻ നിർദ്ദേശിക്കേണ്ടതു്. അതിനു വേണ്ടിയാണ് ഈ വകുപ്പ് എടുത്തുകളയണമെന്നു ഞാൻ പറയുന്നതു്.

അടുത്തതായി ജി. വകുപ്പ് മുനിസിപ്പാലിറ്റികളേയും തിരുവനന്തപുരം സിറ്റിയേയും ഈ ബില്ലിൻറെ പരിധിയിൽനിന്നു ഒഴിവാക്കേണ്ടതാണ്. അതു തീർച്ചയായും ഈ ബില്ലിൽനിന്നും എടുത്തുകളയേണ്ടതാണ്. തിരുവനന്തപുരം സിറ്റിയിലും അതുപോലെതന്നെ മുനിസിപ്പൽ അതിർത്തികളിലും വളരെക്കാലമായി താമസിച്ചുവരുന്ന അടകുടിക്കാരുണ്ട്. അവരെ ഇറക്കിവിട്ടാൽ പിന്നെ എവിടെ എന്താണു സംഭവിക്കാൻ പോകുന്നതെന്നു് നമുക്ക് സാമാന്യമായി ആലോചിച്ചാൽ അറിയാം. തിരുവനന്തപുരം പട്ടണത്തിൽ താമസിക്കുന്ന അടകുടിക്കാർ എല്ലാം ഇപ്പോൾതന്നെ അവരുടെ വീടുവിട്ടുപോകണം എന്നു പറഞ്ഞാൽ അവർ എങ്ങോട്ടു പോകണം എന്നാണ് ഗവണ്മെൻറു നിർദ്ദേശിക്കുന്നതു്. ഈ പട്ടണത്തിൽ താമസിക്കുന്ന സാധുക്കൾ വല്ല മലമ്പ്രദേശങ്ങളിലും പോയാൽ അവിടെ അവക്ക് തൊഴിൽ ലഭിക്കയില്ല. അവരുടെ സഹായം ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്ന പട്ടണവാസികൾക്കും അവരുടെ അഭാവത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

വലിയ പ്രയാസം നേരിടും. അതുകൊണ്ട് ഈ ഉപവകുപ്പുകൊണ്ട് രണ്ടു കൂട്ടർക്കും ദോഷമേ ഉണ്ടാവുകയുള്ളൂ. അതുകൊണ്ട് ഈ ഉപവകുപ്പ് എടുത്തു കളയേണ്ടതു അത്യാവശ്യമാണ്. അങ്ങനെ ഈ രണ്ടു ഉപവകുപ്പുകളും എടുത്തുകളഞ്ഞാൽ ഈ ബിൽകൊണ്ടു ഉദ്ദേശിക്കുന്ന പ്രയോജനം ഉണ്ടാകുന്നതാണ്. എന്നാൽ ഈ രണ്ടു ഉപവകുപ്പുകളും എടുത്തുകളഞ്ഞിട്ട് ഈ ഭേദഗതി പാസ്സാകും എന്നു് എനിക്കു വിശ്വാസമില്ല. അതാണ് ഇന്നത്തെ ഈ സഭയിലെ നില. ഈ അവസരത്തിൽ എനിക്ക് ഗവണ്മെൻറിനോടു പറയുവാനുള്ളതു് ഇവിടത്തെ പാവപ്പെട്ടവരെ സഹായിക്കാനാണ് ഈ ബിൽ കൊണ്ടുദ്ദേശിക്കുന്നതെങ്കിൽ ഈ ഉപവകുപ്പു എടുത്തുകളയണമെന്നാണ്. പാവപ്പെട്ടവരെ സഹായിക്കുവാൻ താൽപ്പര്യമുള്ള ഒരു ഗവണ്മെൻറിനു ഈ ഭേദഗതി സ്വീകരിക്കുന്നതിനു മറ്റാരുടേയും സഹായം ആരായേണ്ട ആവശ്യമില്ലെന്നു തന്നെയാണ് എൻറെ പരിപൂർണ്ണമായ വിശ്വാസം. ഈ ഭേദഗതി സ്വീകരിക്കുന്നതുകൊണ്ട് വിശേഷിച്ചാക്കും ദോഷമുണ്ടാകുമെന്നു തോന്നുന്നില്ല. പട്ടിണിപാവങ്ങളെ സഹായിക്കുവാൻ, അധികമാരും മുന്നോട്ടുവരിക സാധാരണമല്ല. അതുകൊണ്ടു ഗവണ്മെൻറു ചെയ്യുവാനുദ്ദേശിക്കുന്നതു യഥാർത്ഥത്തിൽ ചെയ്യുന്നതുതന്നെയായിരിക്കണം.ഇതും പ്രസ്താവിച്ചുകൊണ്ട് ബഹുമാനപ്പെട്ട മെമ്പറന്മാർ, സാധുജനങ്ങളുടെ അഭിവൃദ്ധിയിൽ താൽപ്പര്യമുള്ള മെമ്പറന്മാർ ഇതിനെപ്പറ്റി കായ്മയിചിന്തിച്ച് എൻറെ ഭേദഗതിയെ അനുകൂലിക്കണമെന്നഭ്യർത്ഥിച്ചുകൊള്ളുന്നു.

MR. PRESIDENT : ഇപ്പോൾ ചർച്ച ചെയ്തുകൊണ്ടിരിക്കുന്നതു് "In clause 3, delete sub-clauses (a) and (g) and renumber the others" വേറെ അനേകം മെമ്പറന്മാരും ഭേദഗതികൾ അയച്ചിട്ടുണ്ടു്. അതു്, മെസ്സേഴ്സ് പി. നാണു, പി. എസ്. നടരാജപിള്ള, എ. കെ. പാച്ചുപിള്ള, കെ. കുട്ടപ്പൻ, വറുഗീസ് അഗസ്റ്റിൻ, അബ്ദുൾ റെസാക്ക് ഇവരുടേതാണ്. ഇതെല്ലാംകൂടി ഒരുമിച്ചു് ചർച്ചചെയ്യുന്നതു സൗകര്യപ്രദമായിരിക്കുമെന്നു് ഞാൻ കരുതുന്നു.

MR. P. KUNJU KRISHNAN : ഇത്രയും ഭേദഗതികൾ വന്നിരിക്കുന്നതുകൊണ്ടു് ഇവയെ ഒഴിവാക്കാനുള്ള കാരണം എന്താണെന്നു് ബഹുമാനപ്പെട്ടമന്ത്രി പ്രസ്താവിച്ചാൽ അതു് ചർച്ചയ്ക്കു കൂടുതൽ ഉപകാരപ്രദമായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

MR. PRESIDENT: Order, order. I will give preference to those who have sent amendments.

MR. A. K. PACHU PILLAI: ഇപ്പോൾ ഇവിടെ പ്രതിപാദിക്കപ്പെട്ട തിൽ കവിഞ്ഞു് എനിക്കു് ഒന്നും പറയുവാനില്ല. ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

"Delete sub-clause (g) of clause 3.

MR. K. KUTTAPPAN: സർ, ഞാനും ഈ ഭേദഗതിയെ അവതരിപ്പി ക്കുന്നു. നാം ഒരു നിയമനിർമ്മാണം ചെയ്യുമ്പോൾ ഈ സഭയുടെ അധി കാരപരിധിയിൽ ഉൾക്കൊള്ളുന്ന എല്ലാ വിഭാഗത്തിൽപ്പെട്ടവരേയും അതു് ബാധിക്കണം. അങ്ങനെയാണെങ്കിൽ ഈ സഭയുടെ അധികാര പരിധിയിൽനിന്നു് തിരുവനന്തപുരം സിറ്റിയേയും മുനിസിപ്പാലിറ്റിക ളേയും ഈ ബില്ലിൽനിന്നു് എന്തിനു് ഒഴിച്ചുവച്ചിരിക്കുന്നു. ഗ്രാമങ്ങളെ അപേക്ഷിച്ചു് ധാരാളം ആളുകൾ അധിവസിക്കുന്നതു് പട്ടണത്തിലാണു്. തിരുവിതാംകൂറിലെ പ്രധാനവ്യവസായകേന്ദ്രങ്ങളായ ആലപ്പുഴ, കൊല്ലം, കോട്ടയം, ആലുവാ മുതലായ ടൗണുകളിൽ ജോലിചെയ്തുകൊണ്ടു് അന്യ രുടെ സ്ഥലങ്ങളിൽ ധാരാളം തൊഴിലാളികൾ താമസിക്കുന്നുണ്ടു്. അവർ അവരവരുടെ വ്യവസായശാലകളിൽ പണിയെടുത്തു് അന്യരുടെ പറമ്പുകളിൽ താമസിക്കുന്നു. അവർ മുനിസിപ്പാലിറ്റികളിൽ താമസി ക്കുന്നു എന്നുള്ള കാരണംകൊണ്ടു് അവരെ എപ്പോൾ വേണമെങ്കിലും ഇറക്കിവിടാം എന്നുള്ള ഒരു സൗകര്യമാണു് ഈ ഉപവകുപ്പുകൊണ്ടു് ഉണ്ടാകുന്നതു. അതു് ഈ നാട്ടിലെ വ്യവസായത്തൊഴിലാളികളോടു് ഗവണ്മെൻറു ചെയ്യുന്ന ഒരു കടുംകയ്യായി മാത്രമേ വീക്ഷിക്കുവാൻ നിവൃ ത്തിയുള്ളൂ. ഇവിടത്തെ സഭാനടപടികൾ വീക്ഷിച്ചാൽ ഇവിടത്തെ മിക്ക മെമ്പറന്മാരും തൊഴിലാളികൾക്കുവേണ്ടി മുതലക്കണ്ണുനീർ പൊഴി ക്കുന്നതായികാണാം. ഇവിടെ സാധുക്കളെ രക്ഷിക്കുവാനാണു് ഈ ബിൽ കൊണ്ടുദ്ദേശിക്കപ്പെട്ടിട്ടുള്ളതെങ്കിൽ എന്തിനു് മുനിസിപ്പാലിറ്റി കളെ ഒഴിവാക്കുന്നു എന്നു ഞാൻ ചോദിക്കുന്നു. ഗ്രാമപ്രദേശങ്ങളിൽ താമസിക്കുന്ന ജന്മിയെ ഈ ബിൽ ബാധിക്കുമെങ്കിൽ എന്തുകൊണ്ടു് പട്ടണത്തിൽ താമസിക്കുന്ന ജന്മിമാരെ ബാധിച്ചുകൂടാ. ടൗണിലുള്ള കൊച്ചുബൂർഷ്വാമാരെ ഈ ബില്ലിന്റെ പരിധിയിൽനിന്നു് ഒഴിവാക്കു ന്നതായാൽ അതു് സാധുക്കളോടു് ചെയ്യുന്ന ഒരു കടുംകൈ ആയിരിക്കു മെന്നാണു് എനിക്കു പറയുവാനുള്ളതു്. അതുകൊണ്ടു് ഈ ഉപവകുപ്പു് എടുത്തു കളയണമെന്നാണു് എന്റെ അഭിപ്രായം.

LIBRARY ARCHIVES Kerala Legislative Assembly

MR. T. T, KESAVAN SASTRI: Sir,

MR. PRESIDENT : I will give preference to those who have sent amendments.

MR. P. BALAKRISHNAN TAMPI : I want to move my amendment.

MR. PRESIDENT : You will be given time.

MR. P. BALAKRISHNAN TAMPI : I think I can speak.

MR. PRESIDENT : You can speak.

MR. P. BALAKRISHNAN TAMPI: If you exclude sub.clause (a) it will be putting the Government in a very difficult situation. Now, it is high time that we carry on propaganda to make people understand that it is not a very virtuous thing to trespass on Government property. We must train people to look at Government property as the communal property of the desam or the country. Every man who does not want to give his land charitably suggests to trespass into Government land. Now my suggestion is that the Land Conservancy Act will have to be scrapped away if this is accepted. I am not saying that concessions should not be shown to deserving classes, the landless poor. But what I want to say is that this will be the worst way of helping those landless people. They should be told that some suitable steps will be taken to extend to them every possible facilities, that Government do not appreciate lawb-reaking and that Government do not appreciate the fact that property is a virtue.

Now, for a moment, let us think of the effect of law-breaking. Sir, when the sun goes down this day, I can show you a number of squatters occupying public places—and then we could go on saying they should be allowed that liberty. No man has any claim to show such charity and kindness in such cases. I am glad. It is so. But that shows the magnanimity of a very educated progressive people of Travancore, and that they can without any grumbling or grudge extend this favour to the landless poor. I don't quite appreciate the remarks made by an honourable member who said that we are shedding crocodile tears. That sort of propaganda does not do any good to any man in India. Thanks to cheap journalism and cheap street-corner propaganda, such words are unfortunately much too common in our country.

MR. MANNATHU PADMANABHA PILLAI : ഉടമസ്ഥന്റെ വസ്തു പാട്ടത്തിന് എടുപ്പിച്ചിരിക്കുന്നതു് ഒഴിഞ്ഞു കൊടുക്കണമെന്നു പറയുന്നതു് ന്യായമല്ലെ?

MR. P. BALAKRISHNAN TAMPI : I decline to express an opinion about that യഥാർത്ഥങ്ങളെ വകവച്ചു കൊടുക്കുന്ന ഞാൻ അയഥാർത്ഥങ്ങളെ അവഗണിക്കുകതന്നെ ചെയ്യും.

MR. MANNATHU PADMANABHA PILLAI: അങ്ങിനെയാണെങ്കിൽ ഈ ബിൽ പാസാക്കുന്നതു് നിരുപകേടാണെന്നറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

MR. PRESIDENT: The question is disallowed. You don't answer the question.

MR. P. BALAKRISHNAN TAMPI: I don't reply. I obey your orders and also in deference to the justifiable interruption of my old friend. (*Laughter*)

In all the cities of India, the problem is one of slum clearance. If you want to help the landless poor, Government or public spirited organisations will take up the question. They have made many schemes in that regard.

If sub clause (g) is left out, there is the risk that the Government and the charitable organisations cannot extend to them the help they require. I do not for a moment deny that every modern State will have to face squarely the problem of finding a roof to sleep under for the poor people of the land. But how it has to be dealt with is the question. You will be embarrassing the Government and you will be embarrassing the local authorities as well by omitting sub clause (g) and thus adding to the problems of slum clearance in every growing city and town.

Secondly, in equity, a site of land in a city might cost Rs. 2,000. In many places it is not a matter of kudiyiruppu in a city. A man would have purchased some property for building purposes, but he may not have made use of it for a few months. In the mean time, there may be a watcher there. Should we give permanent rights for the watcher?

MR. P. K. KRISHNAN SASTRI: ഈ ബിൽ പാസായാൽ പട്ടണങ്ങളിലുള്ള സാധുക്കളായ അടകുടിക്കാർ പോകേണ്ടിവരും, അതു ശരിയാണെന്നാണോ മെംബർ പറയുന്നത്?

MR. P. BALAKRISHNAN TAMPI: No. Those who live in rented buildings can continue to do so. Those who live in other places may continue to do so and other virtuous landless people might migrate into suburbs. Not even in America do they cover all these requirements, The landless poor are socialists by necessity. I know their voting value, but there is a limit to which you could go to placate even those classes of people.

MR. P. KUNJUKRISHNAN: With regard to slum clearance will not a special piece of legislation solve the problem?

MR. P. BALAKRISHNAN TAMPI: It may be necessary. But that does not directly affect the question. That is one of the reasons but you will have to ask the local authorities, public organisations and the Government to take up the work of constructing proper quarters for the working classes. Therefore, the Select Committee did well in making these exclusions in favour of Government lands as well as the lands in our Municipaiities. Therefore, I oppose the amendment.

LIBRARY ARCHIVES Kerala Legislative Assembly

MR. VARGHESE AUGUSTIN : സർ, ക്ലാസ് നാൽസബ് ക്ലാസ് ജി. എടുത്തുകളയണമെന്നുള്ള ഭേദഗതിയാണ് ഞാൻ ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. കാരണം അടകുടിക്കാരൻ എന്നു പറഞ്ഞാൽ മുനിസിപ്പൽ അതിർത്തിയിലുള്ള അടകുടിക്കാരനായാലും, ഗ്രാമപ്രദേശങ്ങളിലുള്ള അടകുടിക്കാരനായാലും, രണ്ടും അടകുടിക്കാരെന്നു അർത്ഥത്തിൽതന്നെയാണ് ഇരിക്കുന്നത്. എന്നാൽ മുനിസിപ്പൽ അതിർത്തിക്കകത്തുള്ള അടകുടിക്കാരെ ഈ ബില്ലിന്റെ പരിധിയിൽനിന്നും മേൽപ്പെടുത്തി നിറുത്തുകയും അതേസമയം ഗ്രാമപ്രദേശങ്ങളിലുള്ള അടകുടിക്കാരനെ ബില്ലിൽ ഉൾപ്പെടുത്തുകയുമാണ് ചെയ്തിട്ടുള്ളത്. അതായതു പട്ടണങ്ങളിലും മറ്റും താമസിക്കുന്ന അടകുടിക്കാരെ സംബന്ധിച്ചിടത്തോളം ഈ ബില്ല് അവർക്ക് സഹായകമായിട്ടാണിരിക്കുന്നത്. അതുകൊണ്ട് എന്റെ അഭിപ്രായത്തിൽ ഈ രണ്ടു കൂട്ടരേയും ഒന്നുകിൽ ബില്ലിന്റെ പരിധിയിൽ ഉൾപ്പെടുത്തുക അല്ലെങ്കിൽ ഉൾപ്പെടുത്താതിരിക്കുക. ഇതാണ് ഗവണ്മെൻറു ചെയ്യേണ്ടതു, അതല്ലാതെ ഒരുകൂട്ടരെ ഉൾപ്പെടുത്തുകയും മറ്റൊരുകൂട്ടരെ ഉൾപ്പെടുത്താതിരിക്കുകയും ചെയ്യുന്നതു നീതിയല്ല. അതുപോലെതന്നെ ക്ലാസ് പതിനൊന്നിൽ പറഞ്ഞിരിക്കുന്നതു ഒരടകുടിക്കാരനെ വസ്തു ഉടമസ്ഥൻ ഇറക്കിവിടുകയാണെങ്കിൽ വസ്തു ഉടമസ്ഥന്റെ ചെലവിന്മേൽ ഒരു കെട്ടിടം പണികഴിച്ചു കൊടുക്കുകയോ അല്ലെങ്കിൽ അതിനുള്ള തുക കൊടുക്കുകയോ ചെയ്യണമെന്നാണ് ആ വകുപ്പിൽ നിർദ്ദേശിച്ചിരിക്കുന്നതു. ക്ലാസ് പതിനൊന്നിനെപ്പറ്റി ഞാൻ വേറൊരു ഭേദഗതിക്രമം ഇവിടെ അവതരിപ്പിക്കുന്നുണ്ട്. ഇതിനും പുറമേ ക്ലാസ് ടെൻ എടുത്തു. എന്നുള്ള വകുപ്പുകൂടി ചേർക്കണമെന്നുകാണിച്ചു ഒരു ഭേദഗതികൂടി ഞാൻ കൊണ്ടുവന്നിട്ടുണ്ട്. അതുകൊണ്ടു നാട്ടിൻപുറങ്ങളിലുള്ള സാധുക്കളായാലും ശരി പട്ടണങ്ങളിലുള്ള സാധുക്കളായാലും ശരി, സാധുജനസംരക്ഷണമാണ് ഈ ബില്ലുകൊണ്ടു നാം ഉദ്ദേശിക്കുന്നതു. ഉദ്ദേശം സാധിതപ്രായമാകണമെങ്കിൽ ക്ലാസ് നാലെ ജി. എന്ന സബ് ക്ലാസ് എടുത്തുകളയുകതന്നെ വേണം.

MR. PONNARA G. SREEDHAR : ഞാൻ മി. വർഗ്ഗീസ് അഗസ്തിന്റെ ഭേദഗതിയെ അനുകൂലിക്കുന്നു. ഈ ബില്ലിൽ ആദ്യമായി സെക്ഷൻ മൂന്നിലുള്ള എ. ജി: ഈ രണ്ടു വകുപ്പുകളും എടുത്തുകളയണമെന്നാണ് എന്റെ അഭിപ്രായം. അതുപോലെതന്നെ സെക്ഷൻ ഏഴിലുള്ള വ്യത്യസ്തനിലയും എടുത്തുകളയേണ്ടതാണു. ഈ ബില്ലുകൊണ്ടു യഥാർത്ഥമായ ഗുണം സിദ്ധിക്കുന്നതിനു ജനങ്ങളുടെയെല്ലാം പ്രതിനിധികളായി

LIBRARY ARCHIVES Kerala Legislative Assembly

[Mr. Ponnara G. Sreedhar]

ട്ടാണ മി. അടിച്ചനും, മി. കൃഷ്ണൻശാസ്ത്രിയും, മി. കേശവൻശാസ്ത്രിയും മറും ഇവിടെയിരിക്കുന്നതു്. അതുകൊണ്ടു് എന്റെ വാദഗതിക്കു് അല്പംകൂടി സഹായകമാണെന്നു് ആണു് ഞാൻ വിചാരിക്കുന്നതു്. ഗവണ്മെൻറു് സ്വത്തുക്കളെ സംരക്ഷിക്കുവാനായിട്ടു് ചില ബഹുമാനപ്പെട്ട മെമ്പറന്മാർ ചില വാദഗതികളുമായി ഇവിടെ രംഗപ്രവേശം ചെയ്തു. എന്നാൽ ഗവണ്മെൻറു വസ്തുക്കൾതന്നെ ഇന്നു മനുഷ്യവാസയോഗ്യമല്ലാതതും ഉപയോഗശൂന്യമായതുമായ അനവധി സ്ഥലങ്ങൾ ഉണ്ടു്. ഇങ്ങിനെയുള്ള സ്ഥലങ്ങളിൽക്കൂടി വളരെ പാവപ്പെട്ട ആളുകൾ കേറിക്കിടക്കുന്നതിനായിട്ടുമാത്രം കുടികൾ കെട്ടിയിട്ടുണ്ടു്. ഈ ബിൽ പാസാകുന്ന പക്ഷം ഈ കുടിയിരുപ്പിനെക്കൂടി ഇല്ലാതാക്കുന്നതിനാണു് എളുപ്പം. പുറമ്പോക്കുസ്ഥലങ്ങളിലും മറും താമസിക്കുന്ന അനവധി സാധുക്കൾ, അവർ അങ്ങനെ താമസിച്ചുകൊണ്ടിരിക്കുവെ തന്നെ സ്ഥലം പാർവത്യകാർ ആരുമാരുമറിയാതെ ആ സ്ഥലങ്ങൾ മറുള്ളവർക്കു് പതിച്ചുകൊടുക്കുന്നുണ്ടു്. അങ്ങനെ പതിച്ചുകൊടുത്താൽതന്നെയും കുടികിടപ്പുകാരനെ കരിക്കലും ആ സ്ഥലത്തുനിന്നും മാറാൻ ഇടവരുത്തുകയില്ലായിരുന്നു. എന്നാൽ ഈ ബിൽ പാസാകുന്നതുകൊണ്ടു് ഈമാതിരി സ്ഥലങ്ങളിൽ താമസിക്കുന്ന സാധുക്കൾക്കു് തൽനിമിത്തം സാരമായ ബുദ്ധിമുട്ടുകളും കഷ്ടപ്പാടുകളും നേരിടുന്നതാണു്. തിരുവനന്തപുരം പട്ടണത്തിന്റെ മദ്ധ്യഭാഗത്തുതന്നെ വളരെക്കാലമായി കുടിപാർത്തുവരുന്ന സാധുക്കളുണ്ടു്. പാവപ്പെട്ടവരെ ഉണർപ്പെടുത്താനായിട്ടാണു് ഈ ബില്ലു് കൊണ്ടുവരുന്നതെന്നു പറയപ്പെട്ടുന്നു. അങ്ങനെയാണെങ്കിൽ പട്ടണങ്ങളിൽ താമസിക്കുന്ന പാവങ്ങളെന്നും ഗ്രാമങ്ങളിൽ താമസിക്കുന്ന പാവങ്ങളെന്നും ഉള്ള വ്യത്യാസം കാണിക്കുന്നതു് അനീതിയാണു്. സാധുക്കൾ രാജ്യത്തിന്റെ ഏതു ഭാഗത്തു താമസിച്ചാലും അവർ സാധുക്കൾ തന്നെ. ആ സാധുക്കൾക്കുവേണ്ടിയാണു് നാം ഉണർപ്പു ചെയ്യണമെന്നു വിചാരിക്കുന്നതു. ഈ ബില്ലുകൊണ്ടു് ഇപ്രകാരമുള്ളവർക്കു് ഉണർപ്പു കിട്ടുണമെന്നു് യഥാർത്ഥത്തിൽ ഗവണ്മെൻറുദ്ദേശിക്കുന്നുവെങ്കിൽ ഞാൻ മേൽ പ്രസ്താവിച്ച സെക്ഷൻ മൂന്നിലുള്ള എ, ജി ഈ രണ്ടു ഭാഗങ്ങളും എടുത്തുകളയണമെന്നാണു എന്റെ അഭിപ്രായം.

MR. P. KUNJUKRISHNAN : സർ, ഞാൻ ഈ ഭേദഗതിയെ അനുകൂലിക്കുന്നു. വളരെ അധികം ഭേദഗതികൾ ഇതിനെസംബന്ധിച്ചു് വന്നിട്ടുള്ളതിൽനിന്നുതന്നെ ഈ സഭയിലെ ബഹുമാനപ്പെട്ട മെമ്പറന്മാർക്കു് ഈ സംഗതിയിൽ എത്രമാത്രം താല്പര്യമുണ്ടെന്നു് മനസ്സിലാക്കാവു

LIBRARY ARCHIVES Kerala Legislative Assembly

ന്നതാണ്. ഈ (എ)-യും (ജി)യും ഉപവകുപ്പുകളിൽ പറയുന്ന സ്ഥലങ്ങളെ ഈ ബില്ലിന്റെ പരിധിയിൽനിന്നും ഒഴിവാക്കാനുള്ള കാരണങ്ങളെന്താണെന്ന് ബില്ലിന്റെ പ്രയോക്താവ് ഒന്നു വിശദീകരിച്ചുവെങ്കിൽ പല സംശയങ്ങൾക്കും നിവാരണമുണ്ടാകുമായിരുന്നു. ഈ ഉദ്ദേശത്തോടുകൂടിയാണ് അതൊന്നു വിശദീകരിച്ചുകേട്ടാൽ കൊള്ളാമെന്നു ഞാൻ പറഞ്ഞതു്. പക്ഷെ അതു് ഇതുവരെ വിശദീകരിച്ചുകണ്ടില്ല. അനൗദ്യോഗികമായിട്ടാണ് ശ്രീ. ബാലകൃഷ്ണൻതമ്പി അവർകൾ ഈ രണ്ടുതരം ഭൂമികളേയും ഒഴിവാക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി പറഞ്ഞതു്. ഗവണ്മെന്റു ഭൂമിയെ ഒഴിവാക്കണമെന്നു് വ്യവസ്ഥ ചെയ്തിരിക്കുന്നതിനു് അദ്ദേഹം പറഞ്ഞ കാരണം അതില്ലെങ്കിൽ ഈ പബ്ലിക്കു് ആഫീസിന്റെ കാമ്പയണ്ടതന്നെ കൈവശപ്പെടുത്തി കുടികെട്ടിക്കിടക്കാൻ ആളുകൾ തയാറാകുമെന്നാണു്. അതു് അത്ര സ്വീകാര്യമായ ഒരു വാദമാണെന്നു തോന്നുന്നില്ല. അങ്ങനെ ഗവണ്മെന്റു സ്ഥലങ്ങളിലെല്ലാം ഇപ്പോഴത്തെപോലെ കേറി കുടികെട്ടിക്കിടക്കാൻ അനുവദിക്കണമെന്നു് അല്ല ഈ ഭേദഗതികൊണ്ടു് ഉദ്ദേശിക്കുന്നതു്. സ്വകാര്യ ഉടമസ്ഥതയിലിരിക്കുന്നവസ്തുക്കളിലെ കുടികിടപ്പുകാർക്കു് അവിടെ സ്ഥിരമായിട്ടു് താമസിക്കുന്നതിനു് സൗകര്യം കൊടുക്കുന്ന അവസരത്തിൽ സർക്കാർവക ഭൂമിളികലും കുടികിടക്കുന്നവരെ ഇറക്കിവിടാതിരിക്കുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കണമെന്ന മാത്രമേ ഭേദഗതികൊണ്ടു് ഉദ്ദേശിക്കുന്നുള്ളു. പബ്ലിക്കു് ആഫീസുകളുടെ പരിസരങ്ങളിലും കാമ്പയണ്ടിലും ആളുകളാരും താമസിക്കുന്നില്ല. ഗവണ്മെന്റിനും പൊതുജനങ്ങൾക്കും അസൗകര്യമുണ്ടാക്കുന്ന വിധത്തിൽ മറ്റു സ്ഥലത്തും ആളുകൾ താമസിക്കുന്നില്ല. ഒരുപക്ഷെ താമസിച്ചിരുന്നുവെങ്കിൽതന്നെയും അവരെ അവിടെനിന്നും ഇതിനകം ഇറക്കിവിട്ടിരിക്കും. സ്വകാര്യ ഉടമയിലിരിക്കുന്ന വസ്തുക്കളെ ബാധിക്കുകയും ഗവണ്മെന്റു വസ്തുക്കളെ ബാധിക്കാതിരിക്കുകയും ചെയ്യുന്ന വിധത്തിൽ നിയമങ്ങളുണ്ടാക്കണമെന്നു പറയുന്നതു് സ്വീകാര്യമല്ല. ഇവിടെ പ്രധാനമായി നോക്കേണ്ടതു് കുടിപാർക്കാനിടം ഇല്ലാതെ വല്ല പുറംപോക്കു സ്ഥലങ്ങളിലും കേറി കുടികിടക്കുന്നവരെ കുടിയിറക്കുന്നതിനു അനുവദിക്കണമോ വേണ്ടയോ എന്നാണ്. അതു മാത്രമാണ് ഇപ്പോഴത്തെ പ്രശ്നം. അങ്ങനെയുള്ളവരേയും കുടിയിറക്കാൻ പാടില്ലെന്നാണ് എന്റെ ബലമായ അഭിപ്രായം. ഈ ബില്ലുകൊണ്ടുണ്ടാകുന്ന സൗജന്യം അവർക്കും കൊടുക്കണം. അങ്ങനെ ചെയ്യുന്നതുകൊണ്ട് ഗവണ്മെന്റിനു് യാതൊരു നഷ്ടവും ഉണ്ടാകാൻ പോകുന്നില്ല. പബ്ലിക്കു്

LIBRARY ARCHIVES Kerala Legislative Assembly

ആഫീസ് കെട്ടിടങ്ങളുടെ കമ്പൗണ്ടുകളും പൊതുജനങ്ങൾക്കും ഗവണ്മെൻറിനും ഉപയോഗമുള്ള മറ്റു സ്ഥലങ്ങളും റിസർവ് ചെയ്യേണ്ടതാവശ്യമാണ്. എന്നാൽ ഗവണ്മെൻറിനു റിസർവ് ചെയ്തിട്ട് യാതൊരാവശ്യവുമില്ലാത്ത പുറംപോക്കു ഭൂമികളിൽ താമസിക്കുന്നവരെ കുടിയിറക്കുകയാണെങ്കിൽ അതിനെ നീതികരിക്കുവാൻ സാദ്ധ്യമല്ല. അതുപോലെതന്നെ stump clearance-നു് ഇതു ബാധകമായിരിക്കും എന്നു പറയുന്നതും ശരിയല്ല. അതിനു പ്രത്യേകം നിയമനിർമ്മാണം ചെയ്യണം. വലിയ പട്ടണങ്ങളിലെല്ലാം ഈ slump clearance-നു പ്രത്യേകം നിയമങ്ങൾ ഉണ്ടാക്കി വേണ്ട ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. അതുപോലെ ഇവിടെയും എന്തെങ്കിലും ചെയ്യാവുന്നതാണ്. അല്ലാതെ മുനിസിപ്പാലിറ്റിയുടെ പേരും പറഞ്ഞു പാർക്കാനിടമില്ലാതെ കുടികിടക്കുന്ന ആളുകളെ ഒഴിപ്പിക്കുന്നതു ശരിയല്ല. മുനിസിപ്പാലിറ്റിയുടെ വക സ്ഥലങ്ങളാണു ഒഴിച്ചിട്ടിരിക്കുന്നതെന്നു പറഞ്ഞിരുന്നുവെങ്കിൽ പിന്നെയും സഹിക്കായ്മയായിരുന്നു. ഇതു അതുമല്ല. മുനിസിപ്പാലിറ്റിയുടെ അത്യാവശ്യത്തിനുള്ള സകല സ്ഥലങ്ങളുമാണ് ഒഴിച്ചിട്ടിരിക്കുന്നതു. അതു ശരിയായ ഒരു നടപടിയാണെന്നു പറയാൻ ന്യായമൊന്നും കാണുന്നില്ല. ഈ കാരണങ്ങളാൽ ഞാൻ ഭേദഗതിയെ അനുകൂലിക്കുന്നു.

MR. T. A. ABDULLA: സർ, (ജ) ഉപവകുപ്പ് എടുത്തുകളയണമെന്നുള്ള ഭേദഗതിയെ ഞാനും അനുകൂലിക്കുന്നു. രണ്ടാംപാഠപുസ്തകത്തിൽ ഗ്രാമീണമൃഷികനെന്നും നാഗരീകമൃഷികനെന്നും മൃഷികന്മാരെ രണ്ടുതരത്തിൽ തരംതിരിച്ചിരിക്കുന്നതുപോലെ പാവങ്ങളെ ഗ്രാമങ്ങളിലെ പാവങ്ങളെന്നും പട്ടണങ്ങളിലെ പാവങ്ങളെന്നുമുള്ള തരംതിരിപ്പു് ഈ ബില്ലിൽ കാണുന്നതു് വളരെ പരിതാപകരമായിരിക്കുന്നു. പാവങ്ങൾ എവിടെ താമസിച്ചാലും പാവങ്ങൾതന്നെയാണ്. അതു് കൊണ്ടു് ഇങ്ങനെ ഒരുതരം തിരിപ്പു് വരുത്തിയതു് തീരെ ഭംഗിയായില്ലെന്നാണ് എന്റെ അഭിപ്രായം. അതിനും പുറമേ, വാസ്തവത്തിൽ ഈ ബില്ലിന്റെ ആവശ്യം ഇന്നത്തെ പരിതഃസ്ഥിതികളിൽ ഗ്രാമങ്ങളിലെ കുടികിടപ്പുകാരെക്കാൾ പട്ടണങ്ങളിലെ കുടികിടപ്പുകാർക്കാണെന്നു് എന്റെ അനുഭവംകൊണ്ടു് എനിക്കു പറയാൻ സാധിക്കും. പട്ടണങ്ങളിൽ കുടികിടക്കുന്നവർ സാധാരണയായി ഗ്രാമങ്ങളിൽ യാതൊരു വിധത്തിലും ജീവിതം കഴിക്കാൻ നിവൃത്തിയില്ലാതെ ടൗണിൽവന്നു് വല്ല ഫാക്ടറികളിലും വേലയെടുത്തു് കാലക്ഷേപം കഴിക്കാൻ വരുന്നവരാണു്. അങ്ങനെയുള്ളവർ വല്ല ഭാഗത്തും അല്പം സൗകര്യം കണ്ടുപിടിച്ചു് കുടികെട്ടി പാർക്കുകയാണെങ്കിൽ അവരെ ഇറക്കിവിടുന്നതു് കഷ്ടമാണു്.

LIBRARY ARCHIVES Kerala Legislative Assembly

പിന്നെ ഇവിടെ ചില സ്നേഹിതന്മാർ പറഞ്ഞതുപോലെ നമ്മുടെ പട്ടണങ്ങളുടെ സ്ഥിതിനോക്കിയാൽ അവയുടെ ഏതെങ്കിലും ഭാഗങ്ങൾ വ്യവസായ കേന്ദ്രങ്ങളോ വാണിജ്യകേന്ദ്രങ്ങളോ ആയിരിക്കുമെന്നല്ലാതെ മറ്റു ഭാഗങ്ങൾമിക്കവാറും ഗ്രാമപ്രദേശങ്ങൾ പോലെതന്നെയാണ്. അങ്ങനെയുള്ള സ്ഥലങ്ങളിലാണ്, കുടികിടപ്പുകാർ അധികവും താമസിക്കുന്നത്. ഈ ബില്ലിനെ ഇതേപടി പട്ടണങ്ങളെ ഒഴിവാക്കി പാസാക്കുകയാണെങ്കിൽ ടൗണിലെ കുടികിടപ്പുകാരെ എത്രയുംവേഗം ഇറക്കിവിടുന്നതിനുള്ള ശ്രമങ്ങൾ ഉണ്ടാകുന്നതും സാധുക്കളായ അവർക്കു വലിയ കഷ്ടനഷ്ടം നേരിടുന്നതുമാണ്. അങ്ങനെയായാൽ കുടികിടപ്പുകാരുടെ ഇടയിൽ വലിയ അസ്വസ്ഥതകൾ ഉണ്ടാകുന്നതിനും അതിൽനിന്നും രാജ്യത്തു പലകുഴപ്പങ്ങളും സംജാതമാകുന്നതിനും ഇടയാകും അതുകൊണ്ടു (ജി) ഉപവകുപ്പ് എടുത്തുകളയണമെന്ന് ഞാൻ ശക്തിയായി അഭിപ്രായപ്പെടുന്നു. ബഹുമാനപ്പെട്ട ലാമെമ്പർ ഈ ഭേദഗതി സ്വീകരിക്കേണ്ടതാണെന്നും സ്വീകരിക്കണമെന്നുമാണ് എന്റെ അഭിപ്രായം. ഒരു പക്ഷേ സ്വീകരിച്ചില്ലെങ്കിലും മുമ്പ് ഇവിടെ അവതരിപ്പിച്ച ഭേദഗതികളെ എതിർത്തതുപോലെ അത്ര ശക്തിയായി എതിർക്കാതിരിക്കുകയെങ്കിലും ചെയ്യുമെന്നു ഞാൻ വിശ്വസിക്കുന്നു. പിന്നെ (എ) വകുപ്പ് എടുത്തുകളയണമെന്നുള്ള ഭേദഗതിയെ ഞാൻ അനുകൂലിക്കുന്നില്ല. എന്തെന്നാൽ ഗവണ്മെന്റിനെ സംബന്ധിച്ചിടത്തോളം—

MR. ABDUL RAZAAK : May I know, is the member in order to support as well as oppose a point at one and the same time ?

MR. PRESIDENT : Mr. Abdulla will please proceed.

MR. T. A. ABDULLA : ഈ ഗവണ്മെന്റും ഇതിനു മുൻപുണ്ടായിരുന്ന ഗവണ്മെന്റുകളും അധ്യക്ഷതരോടു വളരെ സ്നേഹപൂർവ്വവും അനുകമ്പാപൂർവ്വവും പെരുമാറുകയും അവരുടെ ഉന്നമനത്തിനുവേണ്ടി ശ്രമിക്കുകയും ചെയ്തിട്ടുണ്ടെന്നും ചെയ്തുകൊണ്ടിരിക്കുന്നുവെന്നും മി. ആദിച്ചൻ തന്നെ പറയുകയുണ്ടായി. ഇനിമേലും അങ്ങനെതന്നെ തുടരുമെന്നുള്ള പ്രത്യാശയാണ് അവർക്കുള്ളതെന്നും മി. ആദിച്ചൻ പറഞ്ഞു. ആ നിലയിൽ ഗവണ്മെന്റു ഭൂമികളെ ഈ ബില്ലിൽനിന്നും ഒഴിവാക്കിയിരുന്നാൽതന്നെയും ഗവണ്മെന്റു യാതൊരു തരത്തിലും അവർക്ക് ഉപദ്രവം ഉണ്ടാക്കുകയില്ലെന്നു തീർത്തു പറയാവുന്നതാണ്. ഇത്രയും പറഞ്ഞുകൊണ്ട് (ജി) ഉപവകുപ്പ് എടുത്തുകളയണമെന്നുള്ള ഭേദഗതിയെ ഞാൻ അനുകൂലിക്കുകയും (എ) ഉപവകുപ്പ് എടുത്തുകളയണമെന്നുള്ള ഭേദഗതിയെ എതിർക്കുകയും ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MR. MANNATHJ PADMANABHA PILLAI: സർ, കാർപ്പറേഷനേറയും മുൻസിപ്പാലിറ്റികളുടേയും അതിർത്തിക്കകത്തുള്ള സ്ഥലങ്ങളെ ബില്ലിൽ നിന്നും ഒഴിവാക്കുന്നതു ശരിയല്ലെന്നുള്ള അഭിപ്രായമാണ് എനിക്കുള്ളതു്. ഗ്രാമങ്ങളിൽ ഏതു് ആവശ്യവും ന്യായവും അനുസരിച്ചാണ് കൂടിയിറക്കിക്കൂടായെന്നു പറയുന്നതു്. അതു പട്ടണത്തിലാകാമെന്നു് പറയുന്നതിന്റെ യുക്തി എന്താണെന്നു് എനിക്കു് തീരെ മനസ്സിലാകുന്നില്ല. ഗ്രാമപ്രദേശങ്ങളിലെ അടകുടിക്കാരെ കുടിയിറക്കിക്കൂടെന്നു പറയുന്നതു് ഏതു ന്യായം വെച്ചുകൊണ്ടാണോ അതേ ന്യായംതന്നെ പട്ടണങ്ങളേയും കുറേപോലെ ബാധിക്കുന്നതാണു്. അതല്ലാതെ ന്യായങ്ങളെല്ലാം പട്ടണത്തിനു പുറത്തു നിൽക്കണമെന്നു പറയുന്നതു് ന്യായത്തിനും നീതിക്കും രാജ്യനന്മക്കും ചേർന്നതല്ല. അതിനാൽ ഈ ഭേദഗതിയെങ്കിലും സ്വീകരിക്കണമെന്നാണ് എനിക്കു പറയാനുള്ളതു്. എത്രതന്നെ ആവശ്യവും ന്യായവുമുള്ളതെന്നു ബോദ്ധ്യപ്പെട്ടുത്തിയാലും യാതൊരു ഭേദഗതിയും സ്വീകരിക്കാതെ പാസാക്കണമെന്നു് നിർബന്ധം പിടിക്കുന്ന ഈ ബില്ലിന്റെ പ്രയോക്താവിന്റെ മുട്ടുമരഹിതമായ മനസ്സ് അല്പം ഒന്നലിഞ്ഞു പാവപ്പെട്ടവർക്കുവേണ്ടി ഈ ഭേദഗതിയെങ്കിലും സ്വീകരിച്ചു് പഠിച്ചവരും പരിഷ്കാരികളും മന്ത്രിമാരും താമസിക്കുന്ന ഈ പട്ടണത്തിലും അവർക്കു ഒരു സ്ഥാനമുണ്ടെന്നു കാണിക്കണമെന്നു് ഞാൻ അപേക്ഷിക്കുന്നു. പ്രയോക്താവു് ഈ ഭേദഗതി സ്വീകരിക്കുന്നില്ലെങ്കിൽ, ബഹുമാനപ്പെട്ട മെംബറന്മാർ വോട്ടുചെയ്തു പാസാക്കണം.

MR. P. S. NATARAJA PILLAI: I have given notice of an amendment to this clause and it is No. 20 in the list. There is already an amendment No. 16 which has not been debated and I do not know whether it will be done. Now I simply move my amendment. I have nothing more to add.

MR. T. T. KESAVAN SASTRI: സർ, ഞാൻ ഈ ഭേദഗതിയെ അനുകൂലിക്കുന്നു. ഈ ഭേദഗതി സ്വീകാര്യമാണു്. ഗവണ്മെന്റു് ആഗ്രഹിക്കുന്ന പ്രയോജനം ഈ വകുപ്പുകൊണ്ടു ഇരുന്നാൽ എങ്ങിനെ സാധിക്കും.

ഫ്രാന്സിലെ ഓരോ ആക്ടായി തിരുവിതാംകൂർ ഡിസ്ട്രിക്റ്റു് മുൻസിപ്പാലിറ്റീസ്സു് ആക്ടിൻപ്രകാരം നമ്മുടെ മിക്ക മുൻസിപ്പാലിറ്റികളും ഇതിനു് വിധേയമാകും. ഇതൊരു ആശ്വാസനിയമമാണു്. ഇതു് എല്ലാപേക്കും സഹായമായിത്തീരണം. അടികുടിക്കാർ അവശസമുദായക്കാർ മാത്രമല്ല. നായരും, ക്രിസ്ത്യാനിയും, ഈഴവനും മറ്റു ജാതിക്കാരും അടകുടിക്കാരുണ്ടു്. അവക്കും ഈ ബില്ലും ഭേദഗതിയും

LIBRARY ARCHIVES Kerala Legislative Assembly

സഹായമായിരിക്കും. പൊതുവെ കുടികിടപ്പുകാർക്ക് രക്ഷയായിരിക്കും. ഇത് ഒരു പ്രത്യേക വിഭാഗത്തിന്റെ താല്പര്യത്തെ സംരക്ഷിക്കുന്നതിനാണെന്നു പറയുന്നത് ശരിയല്ല. ഗവണ്മെന്റുവക സ്ഥലങ്ങളെ ബില്ലിന്റെ പരിധിയിൽനിന്നും ഒഴിവാക്കിയാൽ വളരെ ആളുകൾക്ക് ബുദ്ധിമുട്ടിന് ഇടയായിത്തീരും. അതുകൊണ്ട് ഗവണ്മെന്റുവക സ്ഥലങ്ങളേയും മുനിസിപ്പാലിറ്റികളേയും ബാധിക്കുന്ന ഈ ഭേദഗതികൾ സ്വീകരിക്കുന്നത് ഏറെ ഉപകാരമായിരിക്കും. ഭേദഗതിയെ ഞാൻ അനുകൂലിച്ചുകൊള്ളുന്നു.

MR. T. V. DEVAN : സർ, ഞാൻ ഭേദഗതിയെ അനുകൂലിക്കുന്നു. എന്നാൽ ധൈര്യമായിട്ട് അനുകൂലിക്കാൻ മനസ്സുപോകുന്നുമില്ല. എലി എത്ര കണ്ണീരൊഴുക്കിയാലും പൂച്ച വിടുകയില്ലെന്നുള്ളതുപോലെ കാര്യങ്ങളെല്ലാം കേട്ടശേഷം യാതൊരു ഭേദഗതിയും പാടില്ലായെന്നുള്ള നിർബന്ധത്തോടുകൂടി ബിൽ പാസാക്കാൻ പോകുകയാണെങ്കിൽ ഞാൻ അനുകൂലിച്ചു സംസാരിക്കുന്നതുകൊണ്ട് എന്തു ഫലമാണുണ്ടാകാൻ പോകുന്നതെന്ന് സംശയം വരുന്നു. അതാണ് ധൈര്യമായി അനുകൂലിക്കുന്നതിനു തടസ്സമായി നിൽക്കുന്നത്. ഗ്രാമപ്രദേശങ്ങളിൽ നിന്നും കൂടുതലായി സാധുജനങ്ങൾ താമസിക്കുന്നതു്, പട്ടണങ്ങളിലാണ്. ഞങ്ങൾക്ക് ഇവിടെ വന്ന് താമസിക്കാൻ നിവൃത്തിയില്ലാത്ത തരത്തിൽ ഒരു നിയമം ഉണ്ടാക്കിയാൽ നാളെമുതൽ തന്നെ പട്ടണങ്ങളിലുള്ള കുടികൾ വെള്ളമില്ലാത്തതുകൊണ്ട് കാറ്റിൽ പറന്നുപോകാൻ ഇടയാകും. വെള്ളം ഉണ്ടായിരുന്നെങ്കിൽ വെള്ളത്തിൽ ഒഴുകിപ്പോകുമായിരുന്നു. അതു് പട്ടണങ്ങളിലെ വസ്തു ഉടമസ്ഥന്മാർക്ക് ഞങ്ങളോടുള്ള വിരോധം കൊണ്ടല്ല. മത്സ്യം പിടിക്കുന്നതു് മത്സ്യത്തോടുള്ള വിരോധംകൊണ്ടല്ല. അവരുടെ ആവശ്യം അനുസരിച്ചാണ്. അല്ലാതെ യാതൊരു വിരോധവും മത്സ്യത്തോടുണ്ടായിട്ടല്ല. അതുപോലെ തന്നെ കീരിയും പാമ്പും തമ്മിൽ മനഃപൂർവ വിരോധത്തിനു വകയില്ല. എന്നു വരികിലും തമ്മിൽകണ്ടാൽ കാര്യം കുഴപ്പത്തിലാണ് പ്രകൃതിയിൽ തന്നെ ഇപ്രകാരം കാണുമ്പോൾ ഈ നിയമം ഇപ്രകാരം പാസ്സാകുകയാണെങ്കിൽ പട്ടണത്തിൽ കിടക്കുന്ന സാധുക്കൾക്കു അവിടെ കിടന്ന് വേലചെയ്തു ജീവിക്കാൻ നിവൃത്തിയില്ലാതെ വരുമെന്നുള്ളതു് എല്ലാവർക്കും അറിയാവുന്ന ഒരു കാര്യമാണ്. കുടിയിറക്കു് നിരോധനം ആർക്കാണ് കൊടുക്കാൻ പോകുന്നതെന്ന് ഞാൻ ചൂണ്ടിക്കാണിക്കാം. ഈ ദേശം ആരുടേയാണ്, ഇവിടം ഭരിച്ചിരുന്നവർ ആരാണ്, ഇതെല്ലാം ഒന്നോത്തുനോക്കണം. ഇതു് തിരുവനന്തപുരമാണ്. അല്ലാതെ രാമന്റെയും കൃഷ്ണന്റെയും ഒന്നുമല്ല. പുലയനാർകോട്ട അടുത്തുതന്നെ ഉള്ളതാണ്. ഇങ്ങനെ ധാരാളം സ്ഥലങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

[Mr. T. V. Devan.]

ഞങ്ങൾ ഭരിച്ചിരുന്ന എന്ന് ചരിത്രം തെളിയിക്കുന്ന ഈ സ്ഥലത്തു നിന്നാണ് ഞങ്ങളെ കുടിയിറക്കാൻ പോകുന്നത്. ഒളിച്ചുപോയിക്കിടന്ന വസ്തു സമ്പാദിച്ച ഒരു കുടുംബത്തിൽപ്പെട്ട ഒരാളാണ ഞാൻ. എന്തോ കാരണവശാൽ പറഞ്ഞതനുസരിച്ചില്ലെന്നോ ധിക്കാരപരമായി പെരുമാറിയെന്നോ ഉള്ള സംശയംകൊണ്ട് വേലചെയ്തിരുന്ന ജന്മിയെ പേടിച്ച് ചാത്തൻ ഒളിച്ചുപോയി അടുത്തുണ്ടായിരുന്ന ഒരു കാട്ടിൽ കുടിൽ കെട്ടി പാർത്തു. ജന്മിമാക്ക് ചാത്തന്റെ ആവശ്യം വന്നപ്പോൾ അന്വേഷിച്ച് കണ്ടുപിടിച്ചു. കാര്യം ചോദിച്ചപ്പോഴാണ് പേടിച്ചു വന്ന താമസിക്കുകയാണെന്ന് അറിഞ്ഞതു്. എന്നാൽ നിങ്ങൾ ഇവിടെ തന്നെ കിടന്നുകൊള്ളുവിൻ, ഇവിടെ വേലചെയ്തു കഴിഞ്ഞുകൂടി ഈ സ്ഥലം നിങ്ങളുടെ പേരിൽതന്നെ എടുത്തുകൊള്ളുവിൻ എന്നു ജന്മിമാർ പറഞ്ഞിട്ട്, മനസ്സറിയാതെ സ്വന്തമാക്കുകയാണ് അവർ ചെയ്തിട്ടുള്ളതു്. ഒരു കാര്യം പ്രത്യേകം ഓർമ്മിക്കണം. നിങ്ങളാരെങ്കിലും ലണ്ടനിൽ പോയി പഠിക്കുമ്പോൾ ഞങ്ങൾവേണം കണ്ടത്തിൽ ഇറങ്ങാനും വേല ചെയ്യാനും. പിന്നെ എല്ലാത്തിനും പൊതുവെ ഈശ്വരൻ എന്നൊരാൾ ഉണ്ട്. കണ്ടത്തിൽ ചക്രം വച്ച് വെള്ളം വറ്റിക്കുമ്പോൾ ചക്രത്തിന്റെ ഓരോ ഇലയും മുകളിൽ വരുമ്പോൾ ഞാനാണ് മുൻപൻ എന്നു വിചാരിക്കുന്നതുപോലെയേയുള്ള. കാലചക്രത്തിന്റെ കറങ്ങലിൽ ഇതെല്ലാം മാറിവരികയില്ലെന്ന് ആരുകണ്ടു. അന്ന് ഈ ഭരണമെല്ലാം പോകും. അതുകൊണ്ട് ഈ ഭേദഗതികൾ സ്വീകരിച്ച് ബില്ലിൽ വേണ്ട മാറ്റം വരുത്തണമെന്ന് അഭിപ്രായപ്പെട്ടുകൊള്ളുന്നു.

(ഇ) ഉപവകുപ്പിനെപ്പറ്റി രണ്ടു വാക്കു പറയാനുണ്ട്. ഈയിടെതന്നെ പല ഉദ്യോഗസ്ഥന്മാരെയും ഞാൻ പല കാര്യങ്ങൾക്കായി കണ്ടു. എന്നോടു് അവർതന്നെ പറഞ്ഞ കാര്യമാണ്, ഈ സാധുക്കൾക്കു കുടികെട്ടി പാർക്കുന്നതിനടുത്തുള്ള രണ്ടോ മൂന്നോ തെങ്ങുകൾക്കൂടി അനുഭവത്തിനു് കൊടുക്കുന്നതു നന്നായിരിക്കുമെന്നു്. എന്നാൽ ഈ ബിൽ ഇതുപോലെ പാസാകുന്ന പക്ഷം ഇനി എന്തായിരിക്കും വരാൻ പോകുന്നതു്? മുമ്പൊക്കെ പുരപ്പുറത്തിരിക്കുന്ന കോഴിയെ കണ്ണുകാണിച്ചു് ഇറക്കിക്കൊണ്ടുപോകുന്ന പതിവായിരുന്നു കാടനുണ്ടായിരുന്നതു്. അതുപോയിട്ടു് ഇനി പുരപ്പുറത്തു് കേറിപ്പിടിച്ചു് താഴെയിറക്കി കോടതിയിൽ കൊണ്ടുചെന്നു് കൂട്ടിൽ കയറി വിസ്താരവും കഴിച്ചു് ശരിപ്പെടുത്താമെന്നുള്ള ഒരു കാലമാണ് ഇപ്പോൾ വന്നിരിക്കുന്നതു്. അതിനുള്ള സൗകര്യം ഈ ബില്ലിൽ കൊടുക്കരുതെന്നാണ് ഞാൻ അഭിപ്രായപ്പെടുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

MR. V. DAS : திருவிதாங்கூர் பரசுராமனுடையது என்று ஒரு கதை இருக்கிறதல்லவா ?

MR. T. V. DEVAN : അതെല്ലാം കളവാണ്.

HON'BLE MR. A. J. JOHN : ഗവണ്മെൻറ് ഭൂമിയെ ഒഴിവാക്കണമെന്നുള്ള ഭേദഗതിയെ ഞാൻ എതിർക്കുന്നു. ഗവണ്മെൻറ് ഭൂമി എന്നു പറയുന്നത് പുറംപോക്കു സ്ഥലങ്ങളും മറ്റുമാണ്. അവ തിരുവിതാംകൂറിലെ എല്ലാ ജനങ്ങൾക്കും ഗവണ്മെൻറിനും പൊതുവായി ഉപയോഗിക്കാനുള്ള സ്ഥലങ്ങളാണ്. ആ സ്ഥലങ്ങൾ പതിച്ചു കൊടുക്കുന്നതിനു് —

MR. PONNARA G. SREEDHAR : പുതുവൽ സ്ഥലങ്ങൾഅതിൽ ഉൾപ്പെടുന്നില്ലേ?

HON'BLE MR. A. J. JOHN : പുതുവലുമെല്ലാം ഉൾപ്പെട്ടും.

MR. P. M. VARGHESE : ഭൂമി ഇല്ലാത്തവർ എവിടെ താമസിക്കണമെന്നാണ് പറയുന്നതു്?

HON'BLE MR. A. J. JOHN : ഭൂമിയിൽ തന്നെ താമസിക്കണം.

MR. P. K. KRISHNAN SASTRI : പുതുവലുകളിൽ താമസിക്കുന്ന സാധുക്കളെ ഇറക്കിവിട്ടിട്ട് ആ സ്ഥലങ്ങൾ മറ്റുള്ളവർക്ക് ലേലത്തിൽ കൊടുക്കുന്നതായി അറിയാമോ?

HON'BLE MR. A. J. JOHN : കുത്തകപ്പാട്ടം റൂൾസ് എന്നൊന്നുണ്ട്. അതനുസരിച്ച് ഗവണ്മെൻറ് സ്ഥലങ്ങൾ പാട്ടത്തിനു കൊടുക്കുന്നുണ്ട്. ലാൻറ് അസസ്സ്മെൻറ് റൂൾസും അനുസരിച്ചും ലാൻറ് കൺസർവൻസി റൂൾസും അനുസരിച്ചുമാണ് അങ്ങനെ പാട്ടം കൊടുക്കുന്നതു്. ആ റൂൾസും ഭേദപ്പെടുത്തുന്നകാര്യവും ഗവണ്മെൻറ് ആലോചിച്ചു വരികയാണ്. എന്നാൽ ഗവണ്മെൻറ് ഭൂമികളിൽ ആക്ഷേപം യഥേഷ്ടം കേറികൂടികിടക്കാമെന്നുവച്ചാൽ ഗവണ്മെൻറിൻെറയും പൊതുജനങ്ങളുടെയും ആവശ്യങ്ങൾക്കു് അവ ഉപയോഗിക്കാൻ നിവൃത്തിയില്ലാതെ വരും. അതുകൊണ്ടാണ് ഗവണ്മെൻറ് ഭൂമികളെ ഈ ബില്ലിൽ നിന്നും ഒഴിവാക്കിയിരിക്കുന്നതു്. അതല്ലാതെ ഗവണ്മെൻറ് ഭൂമികളിൽ കുടികിടക്കുന്നവരെ എല്ലാം ഉടനെ ഇറക്കിവിടണമെന്നു് ഈ ബില്ലിൽ വ്യവസ്ഥ ഇല്ല. അങ്ങനെ ഇറക്കിവിടണമെന്നു് ഗവണ്മെൻറിനു് ഉദ്ദേശവുമില്ല. അങ്ങനെയുള്ള ഭൂമികൾ ഗവണ്മെൻറിൻെറയും പൊതുജനങ്ങളുടേയും ആവശ്യത്തിലേക്കായി ഗവണ്മെൻറിനു് വേണമെന്നു വരുന്ന സന്ദർഭത്തിൽ മാത്രമേ അവിടെ താമസിക്കുന്നവരെ കുടിയിറക്കുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

MR. P. K. KRISHNAN SASTRI : അങ്ങനെ ഗവണ്മെൻറിന് ആവശ്യമെന്നു തോന്നിയാൽ സ്വകാര്യ ഉടമയിലിരിക്കുന്ന വസ്തുക്കൾ തന്നെ എടുത്തുകൂടേ?

HON'BLE MR. A. J. JOHN : എടുക്കാം.

MR. P. K. KRISHNAN SASTRI : അതിലേക്ക് ആവശ്യം വരുമ്പോൾ സ്ഥലം എടുത്താൽ പോരെ?

HON'BLE MR. A. J. JOHN : സ്വകാര്യയുടമയിലിരിക്കുന്ന വസ്തുക്കളാണെങ്കിൽ പൊന്നുംവിലക്കെടുക്കുന്ന ഒരേർപ്പാടുണ്ട്. എന്നാൽ ഈ സ്ഥലങ്ങൾ ഗവണ്മെൻറ് ഭൂമികൾ തന്നെയാണ്. അതുകൊണ്ട് പൊന്നും വിലക്കെടുക്കേണ്ട ആവശ്യമില്ല.

പിന്നെ എനിക്കു പറയാനുള്ളത് കാർപ്പറേഷൻറെയും മുൻസിപ്പാലിറ്റികളുടേയും അതിർത്തിക്കകത്തുള്ള സ്ഥലങ്ങളെ സംബന്ധിച്ചാണ്. ആ ഭേദഗതിയും സ്വീകരിക്കാൻ നിവൃത്തിയില്ല. സാധാരണയായി മുനിസിപ്പൽ പട്ടണങ്ങളിൽ കെട്ടിടം വയ്ക്കുന്നതിനുള്ള ചെറിയ ചെറിയ തുണ്ടു ഭൂമികളായിരിക്കും വാങ്ങിക്കുന്നത്. ഒരു സെൻറിന് രണ്ടായിരമോ, മൂവായിരമോ, അയ്യായിരമോ രൂപ വിലവച്ചായിരിക്കും ഒരാൾ ഒരു നാലോ അഞ്ചോ സെൻറ് സ്ഥലം പട്ടണത്തിൽ വാങ്ങുന്നത്. അങ്ങനെ വാങ്ങിച്ച് കഴിഞ്ഞാൽ ഉടനെ കെട്ടിടം വയ്ക്കാൻ പണമില്ലെങ്കിൽ തൽക്കാലം ആരെയെങ്കിലും കൂടികെട്ടികിടക്കാൻ അനുവദിച്ചു എന്നു വരാം. കുറച്ചുകാലം കഴിഞ്ഞ് കെട്ടിടം വയ്ക്കുന്നതിന് പണമുണ്ടാക്കിക്കൊണ്ടു വരുമ്പോൾ സ്ഥലം ഒഴിഞ്ഞുകിട്ടാതെ വരികയാണെങ്കിൽ അത് വിഷമങ്ങൾക്ക് കാരണമാകും.

MR. T. A. ABDULLA : അങ്ങനെ വരാതിരിക്കുന്നതിന് ഈ ബില്ലിൻറെ ഫ ഫ–ാം വകുപ്പിൽ പറയുന്ന വ്യവസ്ഥ മതിയാവുകയില്ലേ?

HON'BLE MR. A. J. JOHN : അതിൽ പല കുഴപ്പങ്ങളും ഉണ്ടാകുമെന്നാണ് ഗവണ്മെൻറിൻറെ ബോദ്ധ്യം. മുനിസിപ്പാലിറ്റികളുടേയും കാർപ്പറേഷൻറേയും അകത്തുള്ള സ്ഥലങ്ങളെ ഈ ബില്ലിൽ ഉൾപ്പെടുത്തിയാൽ പല വൈഷമ്യങ്ങളും കുഴപ്പങ്ങളും ഉണ്ടാകുമെന്ന് ഗവണ്മെൻറിന് ബോദ്ധ്യമുള്ളതുകൊണ്ടാണ് ഇങ്ങനെ ഒരു ഉപവകുപ്പ് ഈ വകുപ്പിൽ ചേർത്തിട്ടുള്ളത്. ഈ ഭേദഗതികളെ സംബന്ധിച്ച് ഇതിൽ കൂടുതലായൊന്നും എനിക്ക് പറയാനില്ല.

ഭേദഗതി ഓരോന്നായി വോട്ടിനിട്ടു.

LIBRARY ARCHIVES Kerala Legislative Assembly

(എ) വകുപ്പ് എടുത്തുകളയണമെന്നുള്ള ഭേദഗതി തള്ളപ്പെടുകയും, (ജി) വകുപ്പ് എടുത്തുകളയണമെന്നുള്ള ഭേദഗതി സ്വീകരിക്കപ്പെടുകയും ചെയ്തു. അനന്തരം ഭേദപ്പെടുത്തിയപ്രകാരം നാലാമത്തെ വകുപ്പ് വോട്ടിനിട്ട പാസ്സാക്കി.

Clause 4.

MR. P. C. ADICHAN: Sir, I move in clause, 4 sub-clause (1) delete the last sentence.

ഈ ഭേദഗതി അവതരിപ്പിക്കുന്നതിനു മുമ്പായി കുടികിടപ്പുകാരൻ എന്നുള്ളതിന്റെ ഡഫനിഷൻ ഒന്നു ഭേദപ്പെടുത്തണമെന്ന് നാലാം വകുപ്പിന്റെ ഒടുവിലത്തെ ഭാഗത്തിന്ന് ഞാൻ ഒരു ഭേദഗതി അയച്ചിട്ടുണ്ടെന്നുള്ള കാര്യംക്ലേശി സഭയെ അനുസ്മരിപ്പിച്ചുകൊള്ളുന്നു. അങ്ങനെ ഒരു ഭേദഗതി അയച്ചിട്ടുണ്ടെന്നുള്ളവിവരം ഓർമ്മിക്കാതെയാണ് എന്റെ മുമ്പിലത്തെ ഭേദഗതിയെ ഇവിടെ ചില ബഹുമാനപ്പെട്ട മെമ്പറന്മാർ എതിർത്തിട്ടുള്ളതു്. ഈ ആക്ട് നടപ്പിൽവരുന്നതായ അവസരത്തിൽ കുടികിടപ്പുകാർ വസ്തുഉടമസ്ഥന്റെ സമ്മതത്തോടുകൂടിയാണ് താമസിക്കുന്നതെന്നാണ് അർത്ഥം വരുന്നതു്. ഇവിടെ കുടികിടപ്പുകാർ ഏതെങ്കിലും ഒരു പ്രത്യേക സമുദായത്തിൽപ്പെട്ടവരല്ല. എല്ലാ സമുദായങ്ങളുടെ ഇടയിലും കുടികിടപ്പുകാർ ഉണ്ട്. അതുകൊണ്ട് ഒരു നല്ല ഭാഗം ആളുകൾക്ക് ദോഷംവരുന്ന ഒരു വ്യവസ്ഥയാണ് ഈ രണ്ടാംഭാഗത്തിലുള്ളതു്. ഉടമസ്ഥന്റെ അനുവാദത്തോടുകൂടിയാണ് കുടികിടപ്പ് എന്നു സമ്മതിക്കുമ്പോൾ അതിന്റെ പിറേറദിവസം വേണ്ടിവന്നാൽ ഇതിൽ രണ്ടാം വകുപ്പിലെ വ്യവസ്ഥയനുസരിച്ച് അവരെനിന്നും ഒഴിപ്പിക്കുന്നതിന് ധാരാളം ന്യായങ്ങളുണ്ട്. ഈ അവസരത്തിൽ ഞാൻ പറയുന്നതു് അങ്ങനെ ഒഴിപ്പിച്ചുകൊള്ളട്ടെ എന്നാണ്. ഈ രാജ്യത്തു് പോലീസ് ഡിപ്പാർട്ടുമെന്റിൽ ഇന്നത്തെ ഐ. ജി-യെപ്പോലെ സത്യസന്ധന്മാരും നീതിനിഷ്ഠന്മാരും ആയ ഉദ്യോഗസ്ഥന്മാരാണ് ഇരിക്കുന്നതെങ്കിൽ ഈ വകുപ്പ് ഇങ്ങനെതന്നെ ഇരിക്കണമെന്നു പറയുന്നതിനെ ഞാനും സമ്മതിക്കുമായിരുന്നു.

MR. PRESIDENT: അമൻറുമെൻറിനെ സംബന്ധിച്ച് മാത്രം സംസാരിച്ചാൽ മതി.

MR. P. C. ADICHAN: അമൻറുമെൻറിനെ സംബന്ധിച്ചുതന്നെയാണ് പറയുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

MR. P. NANOO : അമൻറുമെൻറു് ർ-ാം വകുപ്പു് ഫ-ാം ഉപവകുപ്പിനെപ്പറ്റിയുള്ളതാണു്. മെമ്പർ പറയുന്നതു് ഫ-ാം ഉപവകുപ്പിനേപ്പറ്റിയല്ലേ ?

MR. P. C. ADICHAN : ക്ലാസ്സു് ർ-ൽ ഒടുവിലത്തെ ഭാഗം എടുത്തുകളയണമെന്നാണു എന്റെ ഭേദഗതി. ഈ ക്ലാസ്സു് ഇങ്ങനെയിരുന്നാൽ ഒരു വലിയ വിഭാഗം ആളുകൾക്കു് ദോഷമുണ്ടു്. എനിക്കു് ഒരു കാര്യം ഇവിടെ പറയാനുണ്ടു്. അതു് അതു ശരിയാണോ എന്നും സംശയമുണ്ടു്.

MR. PRESIDENT : ശരിയല്ലാത്തതൊന്നും ഇവിടെ പറയണ്ടാ.

MR. P. C. ADICHAN : ശരിയാണെന്നു് എനിക്കു് ബോദ്ധ്യമുള്ളതുകൊണ്ടാണു് അതു് ഇവിടെ പറയാമെന്നു വിചാരിക്കുന്നതു്. അതു് തെറ്റാണെന്നു് പറയാൻ ആർക്കും സാദ്ധ്യമല്ല. ഫ-വ കൊല്ലംകൊണ്ടു് കൈവശംവച്ചു് ഏകദേശം അയ്യായിരം രൂപാ വിലവരുന്ന ദേഹണ്ഡങ്ങൾ ചെയ്തിട്ടുള്ള ഒരു സ്ഥലം പോലീസിന്റേയും ഏതാനും ചട്ടമ്പിമാരുടേയും സഹായത്തോടുകൂടി . . . .

MR. P. S. MOHAMMED : ഈ ബില്ലു് പാസായതിനുശേഷമുള്ള കുടിയിരുപ്പുകാരെ സംബന്ധിച്ചു മാത്രമല്ലേ രജിസ്റ്റർചെയ്യണമെന്നു പറഞ്ഞിട്ടുള്ളു.

MR. P. C. ADICHAN : ഈ ബില്ലു പാസ്സായതിനുശേഷമുള്ള കുടിയിരുപ്പുകാരെ മാത്രം സംബന്ധിക്കുന്നതാണെന്നു സമ്മതിച്ചാൽ അയ്യായിരക്കണക്കിനുള്ള സാധുക്കൾക്കു നഷ്ടം ഉണ്ടാകുമെന്നുള്ളതുകൊണ്ടാണു് ഞാൻ ഇതു പറയുന്നതു്. ൻ ഏക്കർ സ്ഥലത്തു് കിടന്ന നാലു കുടികിടപ്പുകാരുടെ കാര്യമാണു് ഞാൻ പറഞ്ഞുവന്നതു്. വു ചട്ടമ്പിമാർ അവിടത്തെ പോലീസിന്റെ സഹായത്തോടുകൂടി അവരെ ഇറക്കാനാണു് ഭാവിച്ചതു്. ഞാൻ പറയുന്നതു് പുനലൂർ നടന്ന കാര്യമാണു്. അവിടത്തെ പോലീസ് ഇൻസ്പെക്ടർ കൈക്കൂലി വാങ്ങിച്ചുകൊണ്ടാണു് അങ്ങനെ ചെയ്തതു്. എന്നാൽ ഹെ. ജി. സത്യസന്ധനായതുകൊണ്ടു് അതിൽ ഇടപെട്ടു് അതു് ന്യായമായി തീർക്കുകയാണു് ഉണ്ടായിട്ടുള്ളതു്.

സർ, ഇതുപോലെതന്നെ മറെറാരു സ്ഥലം സംബന്ധിച്ചു കുറെ സംഭവങ്ങൾ ഉണ്ടായി. അതു് പറയാം.

LIBRARY ARCHIVES Kerala Legislative Assembly

MR. P. NANOO : സർ, ഒരു പായിൻറാഫ് ആർഡർ. ഈ ബില്ലിന്റെ സാരാംശത്തെപ്പറ്റിയോ അമൻറുമെൻറിനെക്കുറിച്ചോ സംസാരിക്കാതെ പോലീസ് ഇൻസ്പെക്ടരുടെ കാര്യവും മറ്റുമെല്ലാം ഈ ബിൽ സംബന്ധിച്ചു ഇവിടെ പറയേണ്ട ആവശ്യമുണ്ടോ ?

MR. PRESIDENT : രണ്ടു പ്രാവശ്യം ഞാൻ അദ്ദേഹത്തിന്റെ ശ്രദ്ധയെ ഈ കാര്യത്തിൽ ആകർഷിച്ചു.

MR. P. C. ADICHAN : സർ, ഞാൻ ഒരു ഉദാഹരണം പറഞ്ഞു എന്നേയുള്ളൂ. ഈ ബില്ല് നടപ്പിൽ വരുത്തുവാനുള്ള സംഗതി എന്താണെന്നാണ് എല്ലാപേരും ചോദിക്കുന്നത്. ഈ ബില്ലുകൊണ്ട് ഇപ്പോഴത്തെ നിർദ്ദേശിച്ചിരിക്കുന്നമാതിരിയാണെങ്കിൽ അധികം ആളുകാർക്ക് വാസ്തവത്തിൽ ഗുണം കിട്ടാൻ പോകുന്നില്ല. ആയിരമോ രണ്ടായിരമോ വസ്തുക്കളാണ് എന്റെ അനുഭവത്തിൽ ഞാൻ മുൻപു പറഞ്ഞതുപോലെ തർക്കവിഷയമായിട്ടു കിടക്കുന്നത്. അതുകൊണ്ട് ഇങ്ങനെ തർക്കംവരുന്ന ഒരു വകുപ്പു പാടില്ല എന്നാണ് എന്റെ അഭിപ്രായം.

HON'BLE MR. A. J. JOHN : ഞാൻ ഭേദഗതിയെ എതിർക്കുന്നു. മേലാൽ ഉള്ള കിടപ്പുകാരെമാത്രമേ ബില്ലിലെ വ്യവസ്ഥ ബാധിക്കൂ. രേഖാമൂലമായ രജിസ്റ്റർപ്രമാണംമുഖേന ഉടമസ്ഥന്റെ അനുവാദം വേണമെന്നാണ് ഇതിൽ പറഞ്ഞിരിക്കുന്നത്. ഇതു് അത്യാവശ്യമാണ്. അതുകൊണ്ട് ഞാൻ ഭേദഗതിയെ എതിർക്കുന്നു.

MR. A. K. PATCHU PILLAI : രജിസ്റ്റർപ്രമാണംമുഖേന വേണമെന്നുള്ളതു് മാറേണ്ടതാണ്. കുടികിടപ്പുകാരുടെ വൈഷമ്യങ്ങളെ പരിഗണിച്ചു അതായതു് അവർക്ക് രജിസ്റ്റർകച്ചേരിയിൽചെന്നു എഴുതി വാങ്ങുന്നതിനുള്ള വൈഷമ്യങ്ങളെ പരിഗണിച്ചു ഇതു് എടുത്തുകളയുന്നതാണ് നല്ലതു്. കാരണം കുടികിടപ്പുകാരനോടുകൂടി ഉടമസ്ഥനും രജിസ്റ്റർകച്ചേരിയിൽ പോകേണ്ടിവരും. അങ്ങിനെ പോയില്ലെങ്കിൽ അതു് സാധുവാകയില്ല.

HON'BLE MR. A. J. JOHN : ഉടമസ്ഥൻ അല്ലെങ്കിൽ ജന്മിആധാരം രജിസ്റ്റർചെയ്യുന്നതിനായിട്ടു കച്ചേരിയിൽ പോകണമെന്നല്ല കുടികിടപ്പുകാരൻതന്നെ രജിസ്റ്റർചെയ്യേ ജന്മിയുടെ കയ്യിൽ കൊടുത്താൽ മതി. അതു് സാധുവായി തീരുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

MR. MANNATHU PADMANABHA PILLAI: അങ്ങനെയായാൽ ഒരുപക്ഷേ കുടികിടപ്പുകാരൻ കള്ളമായിട്ടുതന്നെ ആധാരം എഴുതുകയോ അഥവാ ശരിയായിട്ടുള്ള ആധാരം കീറി കളയുകയോ ചെയ്താൽ ജന്മിയെ അതെങ്ങിനെ ബാധിക്കും.

HON'BLE MR. A. J. JOHN: അതുകൊണ്ടാണ് ഞാൻ പറയുന്നത്. ഉടമസ്ഥൻ അതു സ്വീകരിക്കുകയാണെങ്കിൽ എന്നുകൂടി ഞാൻ പറഞ്ഞത്.

The amendment was put to vote and lost.

The question that clause 4 stands part of the Bill was put and carried.

The Clause was added to the Bill.

CLAUSES 5 AND 6

The question that clauses 5 and 6 do stand part of the Bill was put and carried.

The Clauses were added to the Bill.

CLAUSE 7.

MR. P. CHACKO: സർ, എന്റെ ഭേദഗതി ഒന്നാംവകുപ്പിലെ ബി. ഉപവകുപ്പ് എടുത്തു കളയണമെന്നുള്ളതാണ്.

MR. P. C. ADICHAN: സർ, ഒന്നാംവകുപ്പ് മുഴുവനും ഉൾക്കൊള്ളുന്നതായ ഒരു ഭേദഗതി ഞാൻ അവതരിപ്പിച്ചിട്ടുണ്ട്. അതു് ആദ്യമായിട്ടെടുക്കണം.

MR. PRESIDENT: Mr. Chacko will continue.

MR. P. CHACKO: കൈവശവസ്തുവിൽ വല്ല ഭാഗവും ന്യായരഹിതമായി ഉപയോഗപ്പെടുത്തിയിരുന്നാൽ' എന്നുള്ള ഉപവകുപ്പ് എടുത്തു കളയണമെന്നുള്ളതാണ് എന്റെ ഭേദഗതി. ഇന്നു തിരുവിതാംകൂറിന്റെ നാനാഭാഗങ്ങളിൽ നിന്നും ഈ കുടിയിറക്കു ബില്ലിലെ വ്യവസ്ഥകൾ സംബന്ധിച്ചു പരാതികൾ ലഭിച്ചുകൊണ്ടിരിക്കുന്നു. അതിനടിസ്ഥാനമായിട്ടുള്ളതു് "ബി ക്ലാസ്സ്" ആണെന്നാണു ഞാൻ മനസ്സിലാക്കിയിട്ടുള്ളതു്. ഏതെങ്കിലും ഒരു കുടിയിരുപ്പുകാരെ ആ സ്ഥലത്തു നിന്നും ഇറക്കിവിടുന്നതിനു ജന്മിമാർ എടുക്കുന്ന തന്ത്രം ആ പ്രദേശത്തിലെ ഏതെങ്കിലും ഫലവൃക്ഷം വെട്ടി എന്നോ മറ്റോ ഉള്ള കേസ്സുചുമത്തി ഇറക്കിവിടുകയാണു് പതിവു്. ഈ നിലയിൽ ഒരു ക്ലാസ്സ് ഇരിക്കുകയാണെങ്കിൽ ഇതുപോലെ പല കേസ്സുകളും ഉണ്ടാക്കുന്നതിനു അവക്കു സാധിക്കുന്നതാണ്. തന്റെ കുടിയിരുപ്പുകാരനെ മാറ്റണ

LIBRARY ARCHIVES Kerala Legislative Assembly

മെന്ന ഒരു ജന്മിക്കു ഉദ്ദേശം ഉണ്ടാകുമ്പോൾ തന്റെ പുരയിടത്തിന്റെ ഒരു ഭാഗത്തുനിന്നു ഒരു തെങ്ങിന്റെ കുലയോ ഒരു തേങ്ങയൊ താഴെ ഇറക്കിയിട്ടു അതു കുടിയിരിപ്പുകാരൻ ചെയ്തതാണെന്നു കേസ്സു ചമച്ചു അവനെ ഇറക്കാവുന്നതാണ്.

MR. PRESIDENT : Mr. Adichan, what is your amendment.

MR. P. C. ADICHAN : സർ, ഒഴിവാക്കപ്പെടുംപ്രകാരം "താഴെപ്പറയുന്ന വല്ല കാരണവശാലും തനിക്കു എതിരായി പാസ്സാകുന്ന ഒരു ഡിക്രിയെങ്കിലുള്ളതെ കുടിയിരിപ്പുകാരനെ ഇറക്കാൻ പാടില്ല.

(*a*) that he has intentionally and wilfully committed acts of waste on the holding;

(*b*) that he has unlawfully appropriated any part of the produce from the holding; etc

ഇങ്ങനെയുള്ള സ്ഥിതിക്കു എന്റെ ഭേദഗതി അവതരിപ്പിച്ചുകൊള്ളുന്നു. അതായതു് —

"Delete the whole of Clause 7 and renumber the other clauses."

സർ, മേൽപ്പറഞ്ഞ ഏതെങ്കിലും കാരണങ്ങളാൽ കുടിയിരിപ്പുകാരന്റെ മേൽ ഡിക്രി സമ്പാദിച്ചു അവനെ ഇറക്കിവിടാവുന്നതാണ്. ഈ ക്ലാസ്സു് എടുത്തുകളയുന്നില്ലെങ്കിൽ ഞാൻ മുൻപു് പറഞ്ഞതുപോലെ ദോഷമാണുണ്ടാകുന്നതു്. ഉടമസ്ഥന്റെ അനുവാദം വേണമെന്നാണെങ്കിൽ അതു് തീർച്ചയായിട്ടും കിട്ടുകയില്ല. അങ്ങനെയാകുമ്പോൾ വലിയ വഴക്കുകളും മറ്റും ഉണ്ടാകും. അതു് ചിലപ്പോൾ എന്നല്ല മിക്കവാറും സമയങ്ങളിൽ കുടികിടപ്പുകാരനു ദോഷകരമായിത്തന്നെ പരിണമിക്കും. കള്ള കേസ്സുകളും കള്ള പ്രമാണങ്ങളും ഉണ്ടാക്കാൻ ജന്മിമാക്കു് വലിയ പ്രയാസം ഒന്നും ഇല്ല. ഈ ബില്ലു സാധുക്കൾക്കു ഗുണമുണ്ടാകുന്നതിനുവേണ്ടി ആണു് ഉണ്ടാക്കിയിട്ടുള്ളതു്. എന്നാൽ ഈ ക്ലാസ്സു് മാറിയില്ലെങ്കിൽ ആ അടിസ്ഥാനം തന്നെ വിപരീതമായി മാറുന്നതാണു്: അതുകൊണ്ടു ഈ ക്ലാസ്സു് എടുത്തുകളയേണ്ടതാണു്.

MR. P. S. NATARAJA PILLAI : Sir, I have two amendments. My amendments are Nos. 27 and 28. Amendment No. 27 is that in clause 7, sub-clause (e) for the words 'a stranger' substitute 'another person' and by amendment No. 28 I am moving for a new clause.

Sub-Clause (e) as it is reads 'that he has alienated his right to the kudiyirippu to a stranger'. An order evicting the Kudikidappukaran can be passed by the Court, if the Kudikidappukaran has

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. S. Nataraja Pillai]

alienated his right to the Kudiyiruppu to a stranger. But, Sir, I would invite the attention of the House to Section 6, where it is stated that the interest of a kudikidappukaran in his kudiyirippu shall be heritable but not alienable. After we have framed a clause like that and accepted that clause that kudiyiruppu right is not alienable, we are in sub-clause (e) proving a ground that when it is alienated to a stranger, kudiyiruppu shall be evicted. To my ordinary common sense it looks to be a little bit difficult to understand. The substantive provision is that kudiyiruppu shall be heritable but not alienable; but in the next section you have made "alienation to a stranger" to be a ground for eviction. Even if we pass a Bill and it becomes law it will have to be interpreted and courts may hold that there is some kind of right which can be alienated. We must make ourselves sure whether the right is alienable or not. If it is alienable, are we going to restrict the eviction by this clause. That will be a real difficulty. As a matter of fact, I have not given notice to omit sub-clause (e) as such. I was afraid to do it. I was nervous in making a motion like that from my experience here during the last few days. Arguments did not count and consistency was at a discount. Perhaps the sponsors of the Bill think that a kind of alienation should be allowed to the kudikidappukaran.

If it be so let us be plain. Now, I want the word "stranger" to be made clear. What is meant by a stranger? If it is another person it will be clear and definite.

HON'BLE MR. A. J. JOHN: I am prepared to accept amendment No. 27.

MR. P. S. NATARAJA PILLAI: Therefore, I have altered 'stranger' to 'another person' in the sub clause.

MR. PRESIDENT: That is accepted.

MR. P. S. NATARAJA PILLAI: If it is accepted, then I move amendment No. 28 : "In clause 7, add the following as sub-clause (f)—"(f) that he has rented or leased out his kudiyiruppu to another person", and renumber the subsequent sub-clauses as (g) and (h)." As it is, the grounds for eviction are, "intentionally and wilfully committed acts of waste on the holding; that he has unlawfully appropriated any part of the produce from the holding and if the kudikidappukaran has intentionally or collusively allowed a stranger to commit waste or to encroach on the portion of the land or site occupied by him adversely to the interest of the owner and if he has alienated his right to the kudiyiruppu to a stranger and if he or his family has ceased to reside in his kudiyiruppu for a continuous period of one year." These are the grounds on which kudikidappukaran can be evicted. What I say is, if he has rented out the building to another, the right of evicting kudikidappukaran must also be conceded. It is only a heritable right of use, if I understand the Bill properly. He has the right of using the site,

LIBRARY ARCHIVES Kerala Legislative Assembly

house or hut, whatever it may be. If he does not reside in the kudiyiruppu continuously for a period of one year, he can be evicted under clause (f). What I propose by my amendment is that if he has rented out or leased out his kudiyiruppu for another person, that must also be treated as a ground for eviction.

There are practical difficulties by long custom and usage. I will site the instance of a Nampudiri owner. In his household he might have allowed a kudikidappukaran who by long custom may be associated with that family. Suppose, if this right to rent out is given, and if the kudikidappukaran rents out to somebody for whom that particular owner of the land has conscientious objection for a period of eight months,—for continued non residence for a year is a ground for eviction—that will really be a hard case. After eight months, if he returns and lease out for a period of eleven months he will be a perpetual source of real trouble to the owner.

HON'BLE MR. A. J. JOHN : അതു ഭേഗതിയും സ്വീകരിക്കുന്നതിന്, സഭ എന്നോടു യോജിക്കുമെങ്കിൽ, എനിക്കു വിരോധമില്ല.

MR. P. S. NATARAJA PILLAI : Then I have nothing more to say.

MR. PRESIDENT : Should I take the sense of the House or was it accepted?

MR. P. S. NATARAJA PILLAI : It was accepted by the mover.

HON'BLE MR. A. J. JOHN : I have accepted it.

The amendment was accepted.

MR. P. NANOO : In clause 7, sub-clause (d) the word 'site' in line 8 be deleted and the word 'kudiyiruppu' put in.

ഒ—ാം വകുപ്പിൽ കുടികിടപ്പുകാരനെ ഒഴിപ്പിക്കുന്നതിനുള്ള കാരണം പറഞ്ഞിട്ടുണ്ട്. അതു ഏഴു വിഭാഗങ്ങളായി തിരിച്ചിട്ടുണ്ട്. അതിൽ ര—ാം വകുപ്പിൽ പറയുന്നതു ഒരു കുടികിടപ്പുകാരൻ മനപ്പൂർവ്വമായി വസ്തു ഉടമസ്ഥനെ ദ്രോഹിക്കണമെന്നുള്ള വിചാരത്തോടുകൂടി അതരെയെങ്കിലും ആ സ്ഥലത്തു പ്രവേശിപ്പിക്കുകയൊ, പ്രവേശിപ്പിക്കാൻ സഹായിക്കുകയൊ ചെയ്താൽ അവനെ ഒഴിപ്പിക്കാവുന്നതാണ് എന്നാണ്. ഈ വകുപ്പിൽ ലാൻറ് അൻറ് സൈറ എന്നാണു പ്രയോഗിച്ചിരിക്കുന്നതു്. സൈറ എന്നു പറഞ്ഞാൽ കെട്ടിടമിരിക്കുന്നഭാഗം എന്നാണർത്ഥം. അതുകൊണ്ടു സൈറ എന്നുള്ള പദമല്ല അവിടെ വരേണ്ടതു്. ഇ—ാം വകുപ്പിൽ പറയുന്നതു ഇങ്ങനെയാണ്.

A person who has under this Act a right of occupancy in a kudiyiruppu shall continue to retain that right even after he becomes entitled to the possession... ... ... അപ്പോൾ എഴുതി കൊടുക്കാതെ തന്നെ അന്യനെ കേറി താമസിക്കുവാൻ അനുവാദം കൊടുക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Nanoo]

കുടിയിരിപ്പു എന്നുള്ളതിന്റെ നിർവ്വചനത്തിൽ പറയുന്നതു് "the site so given together with the house ... ... എന്നാണു്. അപ്പോൾ 'സൈറു' എന്നുള്ള പദംമാറി 'കുടിയിരിപ്പു' എന്ന പദം ആണു് അവിടെ പ്രയോഗിക്കേണ്ടതു്. അതുകൊണ്ടു് 'സൈറു' എന്നുള്ള പദം മാറി 'കുടിയിരിപ്പു' എന്നാക്കണമെന്നുള്ള ഈ ഭേദഗതി സ്വീകരിക്കണമെന്നു ഞാൻ സഭയോടു അപേക്ഷിക്കുന്നു.

HON'BLE MR. A. J. JOHN : ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. ഡി–യിൽ പറഞ്ഞിരിക്കുന്നതു് "that he has intentionaly or collusively allowed a stranger to commit waste or to encroach on the portion of the land or site occupied by him adversely to the interest of the owner." എന്നാണു്. ഒരു വലിയ പുരയിടത്തിലായിരിക്കും കുടിയിരിപ്പുള്ളതു്. ആ കുടിയിരിപ്പുകാരൻ വിചാരിച്ചാൽ അതിനടുത്തുള്ള സ്ഥലത്തു വേറൊരാളെ താമസിപ്പിക്കാൻ സാധിക്കും. അങ്ങനെ താമസിക്കുന്നതിനു സഹായിച്ചാലും അവരെ ഒഴിപ്പിക്കുവാൻ കഴിയും. അതുകൊണ്ടു ഈ ഭേദഗതി സ്വീകരിക്കുവാൻ നിവൃത്തിയില്ല.

MR. P. NANOO : അതിനു കുടിയിരിപ്പു എന്നു പറഞ്ഞാൽ എന്തു തരക്കേടാണു വരുന്നതു് ?

HON'BLE MR. A. J. JOHN : 'കുടിയിരിപ്പു' എന്നുള്ളതിനു നിയമപ്രകാരം അർത്ഥവ്യാപ്തി മതിയായില്ല എന്നാണു തോന്നുന്നതു്.

MR. G. P. NILAKANTA PILLAI : 'സൈറു' എന്നു പറഞ്ഞാൽ കെട്ടിടമിരിക്കുന്ന സ്ഥലം എന്നല്ലേ അർത്ഥം ?

MR. P. NANOO : ലാൻറു എന്നുമാത്രം മതിയല്ലൊ. ലാൻറിൽ സൈറുംകൂടി ഉൾപ്പെടുമല്ലൊ.

HON'BLE MR. A. J. JOHN : രണ്ടു പദങ്ങളും അവിടെ കിടക്കുന്നതുകൊണ്ടു ദുഷ്യമൊന്നുമില്ല.

The amendment was put to vote and lost.

MR. A. K. PATCHU PILLAI : സർ, എന്റെ ഭേദഗതി ഇതാണു്.

In clause 7, sub-clause (c) add the following proviso :

"Provided that eviction under this sub-clause shall be ordered only under provision of clause 10 of this Act."

ഈ വകുപ്പു പരിശോധിച്ചാൽ കാണാം. ഏ മുതൽ ബി വരെയുള്ള ഉപവകുപ്പുകൾകൊണ്ടു കുടികിടപ്പുകാരൻ ചെയ്തിരിക്കുന്ന ദോഷങ്ങൾക്കും അയാൾക്കു വന്നുചേർന്നിരിക്കുന്ന ഗുണങ്ങൾക്കും അയാളെ

LIBRARY ARCHIVES Kerala Legislative Assembly

അവിടെനിന്നും മാറാത്തക്കതാണെന്ന്. അയാൾ മനഃപൂർവ്വമായി ഏതെങ്കിലും തെറ്റു ചെയ്തിട്ടുണ്ടെങ്കിൽ, അയാളെ അവിടെ താമസിപ്പിക്കുവാൻ പാടില്ല, അവിടെനിന്നും മാറേണ്ടതാണെന്ന് എന്ന് പറഞ്ഞിട്ടുണ്ട്. എന്നാൽ, അയാൾ കുടികിടപ്പായി താമസമാക്കിയതിനു ശേഷം അയാൾക്കു വന്ന ഗുണം കൊണ്ടാണെ അയാളെ മാറാവുന്ന മറ്റൊരു വ്യവസ്ഥ. അതായത് സ്വന്തസ്ഥലം ഉണ്ടാക്കുകയോ മറ്റേതെങ്കിലും സ്ഥലത്തു താമസം മാറുകയോ അല്ലെങ്കിൽ കുറെനാൾ ആ കുടികിടപ്പുസ്ഥലത്തു താമസിക്കാതിരിക്കുകയോ ചെയ്യുന്നത്. ഇങ്ങനെ അയാൾക്കും വരുന്ന നന്മയും അതുപോലെതന്നെ തിന്മയും ഉണ്ടെങ്കിൽ രണ്ടു തരത്തിലും അയാളെ മാറാമെന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. എന്നാൽ നിർഭാഗ്യവശാൽ ഈ രണ്ടിനും മദ്ധ്യത്തിലാണ് സി. ഉപവകുപ്പു വന്നിരിക്കുന്നത്. ഇങ്ങനെ കുടികിടപ്പു കിടക്കുന്ന സ്ഥലത്തു് വസ്തു ഉടമസ്ഥനു ഒരു വീടു വയ്ക്കേണ്ട ആവശ്യം വന്നാൽ ആ സൗകര്യത്തിനുവേണ്ടി ഈ കുടികിടപ്പുകാരൻ അവിടെനിന്നും മാറിക്കൊടുക്കണമെന്നാണ് സി ഉപവകുപ്പു പറയുന്നത്. കുടികിടപ്പുകാരന്റെ ഗുണം കൊണ്ടോ, അല്ലെങ്കിൽ ദോഷംകൊണ്ടോ അല്ല, വസ്തു ഉടമസ്ഥന്റെ സൗകര്യത്തിനു വേണ്ടിയാണു ഇപ്പോൾ അയാൾ മാറികൊടുക്കേണ്ടിയിരിക്കുന്നത്. അതിനു ഞാൻ നിർദ്ദേശിക്കുന്നതു് പത്താം വകുപ്പിൽ പറയുന്നതുപോലെ അയാളെ അവിടെനിന്നും മാറണമെങ്കിൽ വേറെ ഏതെങ്കിലും ഒരു സ്ഥലത്തു ഈ കുടികിടപ്പുകാരനെ മാറ്റി താമസിപ്പിക്കുന്നതിനുള്ള സൗകര്യംകൂടി ആ ഉടമസ്ഥൻ ചെയ്തു കൊടുക്കണമെന്നാണ്. ഇതു വളരെ നീതിയായിട്ടുള്ള ഒരു വകുപ്പാണെന്നാണ് ഞാൻ പറയുന്നത്. അങ്ങനെ ഒരു വ്യവസ്ഥ ചെയ്യാതിരിക്കുന്ന പക്ഷം അയാളുടെ കുറ്റംകൊണ്ടല്ലാതെ കുടികിടപ്പുകാരൻ അവിടെനിന്നും മാറപ്പെടും. അതുകൊണ്ടു ഇങ്ങനെ ഉടമസ്ഥന്റെ സൗകര്യത്തിനുവേണ്ടി കുടികിടപ്പുകാരനെ മാറേണ്ടതായി വന്നാൽ പത്താം വകുപ്പിലെ വ്യവസ്ഥയനുസരിച്ചു മാത്രമേ മാറാവൂ എന്നാണ് എന്റെ ഭേദഗതി.

MR. JOSEPH MALIECKAL : ഉടമസ്ഥന് മറ്റു വസ്തുക്കൾ ഇല്ലെങ്കിലോ?

MR. A. K. PATCHU PILLAI : മറ്റു വസ്തുക്കൾ ഇല്ലെങ്കിൽ ഈ പ്രശ്നം ഉദിക്കുന്നതേയില്ല. സ്ഥലമുണ്ടെങ്കിൽ അങ്ങനെ മാറ്റി താമസിപ്പിക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കികൊടുക്കത്തക്കവിധത്തിൽ നിയമസാധുതപം ഉണ്ടായിരിക്കണമെന്നാണ് ഞാൻ പറയുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

MR. P. S. NATARAJA PILLAI: I second that amendment. I think that it is a very necessary provision. Under clause 7 (c) an eviction suit by an owner may lie to build new house. We have included "town" now, and if a mortgagee comes and says that he is going to put up a very big building for his own purpose, the kudikidappukaran will be evicted. Therefore, I say clause 10 must be made operative in this case as well. The clause says, the court "of its motion, direct the dwelling-house to be removed and re-erected on another site at the cost of the applicant." If the owner wants the site, he must buy another and give it. That is the implication. We have accepted the position of allowing a tenant a heritable right on the site in which he is living. If he has no other land, we will not be right in asking him to quit the land to satisfy the capitalist. The capitalists should not be allowed to do it. They must give or buy a site, and get a kudiyiruppu erected on that. Under clause 10, the owner can move the court to see that the kudiyiruppu is shifted on to another site. The logical implication of the bill as it has been adopted today is to accept this amendment. We need not fight shy of it.

MR. T. A. ABDULLA: കുടിയിരിപ്പിനു ഈ സ്ഥലം മാത്രമേ ഉള്ളൂ എങ്കിൽ എന്തു ചെയ്യണം?

MR. P. S. NATARAJA PILLAI: He will not get it under clause 10. We must be satisfied with the rest. That is the provision which we have adopted. Even in the case of an owner we are enforcing it, because we have accepted the position that a landless man living in a property has a heritable right. That is a civil right adopted under clause 6.

MR. K. A. GANGADHARA MENON: But how does it come into conflict with clause 10?

MR. P. S. NATARAJA PILLAI: A tenant could be evicted from land or his house if the lessee or owner requires the land bona fide for building purposes.

MR. K. A. GANGADHARA MENON: May I know, is the member referring to clause 10?

MR. P. S. NATARAJA PILLAI: I am not. Clause 7 (c) reads: "..... that the owner requires the land bona fide for building purposes for himself or for any member of his family or Tarawad and the site is necessary for the convenient occupation of the building so to be constructed." The amendment moved provides that eviction under this sub clause (c) of 7, shall be ordered only under the provisions of clause 10 of the Bill. So it is, I say that clause 10 will operate in case of clause 7 as well The owner will be thus bound to provide a separate building site and a building is erected there at his own cost.

LIBRARY ARCHIVES Kerala Legislative Assembly

MR. K. A. GANGADHARA MENON: But clause 10 refers to court's power to order re-location of kudiyirippu. So it does not apply.

MR. P. S. NATARAJA PILLAI: I will read clause 10. It says: ....." where there is a kudiyirippu to which this Act applies the court shall, on the application of any of the parties.....direct the dwelling-house to be removed and re-erected on another site at the cost of the applicant....." It is better to be logical. The clause is plain enough. Therefore I support Mr. Patchu Pillai's amendment.

HON'BLE MR. A. J. JOHN: മി. എ. കെ. പാച്ചുപിള്ളയുടെ ആ ഭേഗതിയെ ഞാൻ എതിക്കുന്നു. കാരണം, വസ്തു ഉടമസ്ഥൻ ഒരു കെട്ടിടം വയ്ക്കുന്ന ആവശ്യത്തിലേക്കു കുടികിടപ്പുകാരന്റെ കുടിയിരിപ്പു സ്ഥലം എടുക്കേണ്ടതു ആവശ്യമായി എന്നുവരാം. ആ അവസരത്തിൽ കുടിയിരിപ്പുകാരനു് സ്ഥലം വാങ്ങിച്ചുകൊടുത്തശേഷമേ കുടിയിറക്കാവു എന്നു വരുന്നതു ശരിയല്ല. അതിനാൽ ആ ഭേഗതിയെ ഞാൻ എതിക്കുന്നു.

MR. A. K. PACHU PILLAI: പത്താംവകുപ്പിലും ആ വിഷമം വരികയില്ലേ?

HON'BLE MR. A. J. JOHN: അതു ലൊക്കേഷനെ സംബന്ധിച്ചു മാത്രമാണു്.

മി. ആദിച്ചന്റെ ഭേഗതിയേയും ഞാൻ എതിക്കുന്നു. അതായതു് ഒ-ാംക്ലാസ് മുഴുവനും എടുത്തുകളയണമെന്നാണു് ആ ഭേഗതി. അങ്ങനെ എടുത്തുകളഞ്ഞാൽ കുടികിടപ്പുകാർ താമസിക്കുന്ന പുരയിടങ്ങൾ അവർക്കു ഇഷ്ടദാനം കൊടുത്തതുപോലെയായിരിക്കും അതിന്റെ ഫലം. അതു് ഈ ബില്ലിന്റെ ഉദ്ദേശത്തിൽ വരുന്നതല്ല. അതിനാൽ ആ ഭേഗതിയെ ഞാൻ ശക്തിയായി എതിക്കുന്നു.

The amendment was put and lost.

MR. PRESIDENT: മി. നാണുവിന്റെ ഭേഗതിക്കു മറുപടിപറയുകയും തള്ളിപ്പിടുകയും ചെയ്തതാണു്.

HON'BLE MR. A. J. JOHN: മുൻസിപ്പാലിറ്റികളെ ഈ നിയമപരിധിയിൽനിന്നു ഒഴിവാക്കാത്ത സ്ഥിതിക്കു് നഫ-ാംനമ്പർ ഭേഗതി സ്വീകരിക്കേണ്ടതായിട്ടാണിരിക്കുന്നതു്. സഭ അനുവദിക്കുന്നപക്ഷം അതു അംഗീകരിക്കാൻ തയാറാണു് ഭേഗതി ഇതാണു്;—

LIBRARY ARCHIVES Kerala Legislative Assembly

MR. VARGHESE AUGUSTIN: In clause 7, as sub-clause (*h*)—

"(*h*) That in respect of kudiyiruppu situate within the limits of the City of Trivandrum as defined in the Trivandrum City Municipal Act, IV of 1116 or within the limits of the Municipalities constituted under the Travancore District Municipalities Act XXHI of 1116, the owner pays 7½ per cent. of the value of the kudiyiruppu to the kudikidappukaran."

The amendment was adopted by the House.

HON'BLE MR. A. J. JOHN: ഭേദഗതി മി. പി. ചാക്കോയുടേതാണ്. അതിനെ ഞാൻ എതിർക്കുന്നു. അതിൽ പറയുന്നതു് ബി. സി. ജി. ഈ ഉപവകുപ്പുകൾ ഒഴിവാക്കിയിട്ടുള്ള എട്ടുതരക്കാരെയാണെന്നാണ്. ഇതു മൂന്നും ആവശ്യമെന്നാണു എനിക്കു പറയുവാനുള്ളതു്.

The amendment was put and lost.
Clause 7 as amended was put and carried.
The clause as amended was added to the Bill.

CLAUSES 8 AND 9.

Clauses 8 and 9 were put and carried.
The clauses were added to the Bill.

CLAUSE 10.

MR. P. NANOO: I move that in sub-clause 1, line 7 the words "in the same holding" be inserted after the word "site."

ഒരു ജന്മിയോ ഒറിക്കൊട്ടുത്തയാളോ പാട്ടം കൊടുത്തയാളോ വസ്തു ഒഴിപ്പിക്കാൻ കോടതിയോടാവശ്യപ്പെടുമ്പോൾ അതിൽ ഒരു കുടിയിരുപ്പുണ്ടായിരുന്നാൽ അതു മാറിസ്ഥാപിക്കാൻ ഒരു വ്യവസ്ഥ ചെയ്യാമെന്നാണു് പത്താംവകുപ്പു്. എന്നാൽ ഇതിൽ കുടിയിരിപ്പു മാറിസ്ഥാപിക്കണമെന്നല്ലാതെ ഏതു സ്ഥലത്തുവേണമെന്നു വ്യക്തമല്ല. അതു വ്യക്തമല്ലാത്തകാലത്തോളം പലവിധത്തിലുള്ള ചർച്ചകൾക്കും ഇടനൽകുമെന്നുള്ളതുകൊണ്ടു് അതു വ്യക്തമാക്കാൻവേണ്ടി അതു വസ്തുവിന്റെ മറ്റൊരുഭാഗത്തു് സ്ഥാപിക്കണം എന്ന വ്യവസ്ഥ ചേർക്കണമെന്നാണ് എന്റെ ഭേദഗതി. ഇതിൽ വലിയ സംശയത്തിനൊന്നും വകയില്ല അനന്തർ സൈറു് എന്നു പറഞ്ഞാൽ തിരുവിതാംകൂറിന്റെ പുറത്തുമാകാം. അങ്ങനെ വരാതിരിക്കാൻവേണ്ടി അതു വസ്തുവിന്റെ മറ്റൊരുസ്ഥലത്തു് മാറിസ്ഥാപിക്കുക എന്ന ഭേദഗതി എഴുതിച്ചേർത്തു് അതു സംശയരഹിതമാക്കിത്തീർക്കണം. ഈ ഭേദഗതി സഭയുടെ അംഗീകാരത്തിനായി ഞാൻ സമർപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MR. P. S. NATARAJA PILLAI: Sir, I beg to oppose the amendment. The provision is "in such a manner as not to cause inconvenience to the party"; that is the provision which occurs in Clause 10. So the judicial tribunal judging upon the case will have to make a decision in accordance with this provision.

MR. P. NANOO: Is it not the extent that is meant?

MR. P. S. NATARAJA PILLAI: No. It is not.

MR. P. NANOO: But if you read the provision you will see.

MR. P. S. NATARAJA PILLAI: I will read the relevant portion of the section:

> "the court shall. on the application of any of the parties to the suit or may, of its own motion, direct the dwelling-house to be removed and re-erected on another site at the cost of the applicant and its extent fixed in such a manner as not to cause inconvenience to the parties and as appears to the court just and proper."

Now, the court will come to the decision without causing inconvenience to the parties. My friend wants to stick on to the particular property even causing inconvenience to the parties. I hope the House will not accept this amendment.

HON'BLE MR. A. J. JOHN: ഞാൻ ആ ഭേദഗതിയെ എതിർക്കുന്നു. ആ ഭേദഗതിയിൽ ആ ഹോംസ്റ്റിങ്ങ്സ്ഥലത്തന്നെ ആയിരിക്കണമെന്നാണ് പറയുന്നത്. അതു സാദ്ധ്യമല്ലാതെവരും. സൗകര്യമാണെങ്കിൽ അവിടെ കൊടുക്കുന്നതിനു വിരോധമില്ല. ഒരാൾക്കു ചിലപ്പോൾ രണ്ടുമൂന്നു സെന്റു സ്ഥലമായിരിക്കും ഉള്ളത്. ആ സ്ഥിതിക്ക് അവിടെത്തന്നെ കുടിയിരിപ്പു വേണമെന്നു പറയുന്നതു് അസാദ്ധ്യമായിരിക്കും. അതുകൊണ്ടു് ആ ഭേദഗതിയെ ഞാൻ എതിർക്കുന്നു.

The amendment was put and lost.

MR. P. NANOO: Sir, I move that in clause 10, sub-clause (1), line 8. the words "or of the party directed by the court" may be inserted after the word "applicant".

ഒന്നാംക്ലാസ്സിൽ കെട്ടിടം മാറിസ്ഥാപിക്കുന്നതിനു രണ്ടുപ്രകാരത്തിൽ കോടതിക്കു ഉത്തരവു ചെയ്യാം. ഒന്നു കേസിലെ ഏതെങ്കിലും കക്ഷിയുടെ അപേക്ഷയിന്മേൽ രണ്ടാമതു കോടതിയുടെ സ്വന്തനിലയിൽ കക്ഷിയുടെ അപേക്ഷയിന്മേലോ കോടതിയുടെ സ്വന്തം ഉമതലയിലോ കെട്ടിടം മാറാമെന്നു വ്യവസ്ഥചെയ്തിരിക്കെ അതിന്റെ ചെലവു അപേക്ഷിക്കാരൻ വഹിക്കണമെന്നു പറയുന്നു. കക്ഷി അപേക്ഷിക്കാതിരിക്കുമ്പോൾ ഈ വകുപ്പിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതുപോലെ കോടതി സ്വന്തനിലയിൽ കെട്ടിടം മാറാൻ പറയുമ്പോൾ ആരാണു

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Nanoo]

ഇതിന്റെ ചെലവു വഹിക്കേണ്ടതു് ? കോടതി സ്ഥാനനിലയിൽ കെട്ടിടം മാറാൻ പറയുമ്പോൾ കോടതി നിർദ്ദേശിക്കുന്ന ആൾ ചെലവു വഹിക്കണം. ഇതു വളരെ പ്രസക്തമായ ഭാഗം ആണു്. അതുകൊണ്ടു് ഈ ഭേദഗതി സഭ സ്വീകരിക്കുമെന്നു് വിശ്വസിക്കുന്നു.

MR. P. S. NATARAJA PILLAI: I second the amendment.

HON'BLE MR. A. J. JOHN: I accept the amendment.

The amendment was adopted.

MR. P. NANOO: Sir, I move that in Clause 10, sub-clause (1), line 8, the words "location and" may be inserted before the word "extent". ഇതിൽ ഇപ്പോഴുള്ളതു് 'at the cost of the applicant and its extent fixed in such a manner as not to cause inconvenience to the parties and..... എന്നാണു്.

അതായതു് extent-ും location-ും പ്രത്യേകം പറഞ്ഞിട്ടില്ല. ഈ ഭേദഗതി സ്വീകരിച്ചാൽ മുമ്പിലത്തെ ഭേദഗതി തള്ളിപ്പോയതിന്റെ ദോഷം കുടി തീരും. അതിനാൽ extent തീരുമാനിക്കാമെങ്കിൽ കെട്ടിടം നിൽക്കേണ്ടതു് ഏതു് location-ൽ ആയിരിക്കണമെന്നു തീരുമാനിക്കാനുള്ള അധികാരംകുടി കൊടുക്കുന്നതു ബുദ്ധിപൂർവ്വമായിരിക്കും.

MR. P. KUNJUKRISHNAN: I second it.

HON'BLE MR. A. J. JOHN: ഈ ഭേദഗതി സ്വീകരിക്കുന്നതിൽ വിരോധമില്ല. പക്ഷെ അതുകൊണ്ടു് കൂടുതൽ ചെലവുചെയ്യും. ഒരു കമ്മീഷനെ അയച്ചു് അന്വേഷിക്കേണ്ടതായി വരും. അതുകൊണ്ടു് അതു ചേർക്കാൻ വിഷമമുണ്ടു്.

MR. D. GNANASIGAMONY: Will the Hon'ble Law Minister read section 11? The matter is clearly explained there.

HON'BLE MR. A. J. JOHN: Section 11 is:

"Notwithstanding anything contained in any other provision of this Act the owner of a holding may require the kudikidappukaran to shift to a new kudiyiruppu to be erected at the owner's cost either on the same or another land of the owner and if the kudikidappukaran does not comply with the demand may institute a suit against him for the purpose and if the court, on a consideration of all the circumstances deems it just and equitable to do so may direct the relocation of the kudiyiruppu at the cost of the owners"

The amendment was put to vote and lost.

MR. N. P. VARUGHESE: സർ, ഈ ബില്ലിൽ താഴെ പറയുന്ന ഭേദഗതി ചേർക്കണമെന്നാണു് ഞാൻ അഭിപ്രായപ്പെടുന്നതു്.

"In clause 10, delete the last word 'proper' in sub-clause (1), and substitute the word 'equitable'.

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. A. J. JOHN: ബഹുമാനപ്പെട്ട മെമ്പറിന്റെ ഭേദഗതി സ്വീകരിച്ചിരിക്കുന്നു.

The amendment was adopted.

MR. P. NANOO I move my amendment that in clause 10 sub-clause 2 the words 'or on court's own motion' be inserted after the word 'application'. അങ്ങനെയായാൽ ഓർഡർ രണ്ടുതരത്തിലുണ്ട്. ഈ രണ്ടുതരത്തിലുള്ള ഓർഡറുകളും പ്പെട്ടതാണെന്നാണ് എന്റെ ഭേദഗതികൊണ്ടു ഉദ്ദേശിക്കുന്നതു.

HON'BLE MR. A. J. JOHN: ഈ ബില്ലിൽ സെക്ഷൻ ഫ 0, ക്ലാസ്സ് ഫ-ൽ എന്തെല്ലാം പറഞ്ഞിട്ടുണ്ടോ അതെല്ലാം ഇതിലും ഉണ്ട്. എന്നാലും ഈ ഭേദഗതി സ്വീകരിക്കുന്നതിൽ വിരോധമില്ല. എങ്കിലും "or on court's own motion" എന്നു ചേർക്കുന്നതിനു പകരം on any such application" എന്നതു എടുത്തു കളഞ്ഞാൽ മതിയെന്നാണ് എന്റെ അഭിപ്രായം. ഭേദഗതിയുടെ ശരിയായ രൂപം ഇതാണ്:—

'In clause 10, sub clause (2) for the words. 'The order on any such application' substitute the word 'any order'.

MR. P. NANOO: I agree.

The amendment was adopted.

The question that clause 10 as amended do stand part of the Bill was put and carried.

The clause as amended was added to the Bill.

CLAUSE 11.

MR. MANKUZHI M. MADHAVAN: I am not moving the amendment.

The question that clause 11 do stand part of the Bill was put and carried.

The Clause was added to the Bill.

CLAUSE 12.

MR. MANKUZHI M. MADHAVAN: I am not moving my amendments

The question that clause 12 do stand part of the Bill was put and carried.

The clause was added to the Bill.

MR. A. K. PACHU PILLAI: സർ, ഞാൻ താഴെ കാണുന്ന ഭേദഗതിയെ സഭയുടെ അംഗീകാരത്തിനായി അവതരിപ്പിച്ചുകൊണ്ട് ഒന്നു രണ്ടു സംഗതികൾ പ്രസ്താവിക്കണമെന്നു വിചാരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. K. Pachu Pillai]

After clause 12, add the following clause and number it as 13 :—

"Notwithstanding anything contained in any other law for the time being in force, any offence committed in respect of a kudiyiruppu if it is an offence punishable under the Travancore Penal Code shall be cognizable and non-bailable offence."

സർ, കിടപ്പടമില്ലാത്ത സാധുക്കൾക്ക് അതു ഉണ്ടാക്കിക്കൊടുക്കുന്നതിനുവേണ്ടി നിയമപരമായ ഒരു അംഗീകാരം സിദ്ധിക്കുന്നതിനാണ് കുടിയിറക്കുനിരോധനബിൽ ഇവിടെ അവതരിക്കപ്പെട്ടിട്ടുള്ളത്. യഥാർത്ഥത്തിൽ ഈ ബില്ലുകൊണ്ട് നാം ഉദ്ദേശിക്കുന്ന ഗുണം സാധുക്കൾക്ക് ഉണ്ടാകണമെങ്കിൽ ഞാൻ അവതരിപ്പിച്ചിട്ടുള്ള ഭേദഗതിയെ ബില്ലിലെ പതിമൂന്നാംവകുപ്പായിട്ട് ചേർക്കണമെന്നാണ് എന്റെ അഭിപ്രായം. കാരണം ഈ ബിൽ പാസ്സാകുന്നതോടുകൂടി ഈ രാജ്യത്തിന്റെ പല ഭാഗങ്ങളിലും കയ്യേറ്റങ്ങളും കുടിയിറക്കുകളും വർദ്ധിക്കുമെന്നുള്ളതിന് സംശയമില്ല. മാത്രമല്ല, തൻമൂലം പല അനിഷ്ടസംഭവങ്ങളും രാജ്യത്തു ഉണ്ടാകാനും ഇടയുണ്ട്. കുടിയിറക്കുപ്രശ്നം അനവധിസാധുക്കളെ ദൈനംദിനം ഉപദ്രവിച്ചുകൊണ്ടുതന്നെയിരിക്കുന്നു. ഈ ബിൽ നിയമമാകാൻപോകുന്ന എന്നുള്ള വാർത്ത നാട്ടിൽ പരക്കുന്നതിന്റെ ഫലമായി വസ്തു ഉടമസ്ഥന്മാർ കുടികിടപ്പുകാരെ ഇറക്കിവിടുകയും കുടികൾ പൊളിക്കുകയും മറ്റും ചെയ്തുതുടങ്ങിയിരിക്കുന്നു. കുറെകഴിയുമ്പോൾ ഉണ്ടാകുന്ന സംഭവവികാസങ്ങൾ എന്തെല്ലാം ആയിരിക്കുമെന്ന് നമുക്കു തന്നെ ഊഹിക്കാവുന്നതാണ്. സാധുക്കൾ വളരെ കഷ്ടപ്പെട്ട് ഉണ്ടാക്കിയിട്ടുള്ള പണംകൊണ്ടു വച്ചിട്ടുള്ള കെട്ടിടങ്ങളെ പൊളിച്ചുകളയുന്നതായാൽ അവക്ക് ഒരു സിവിൽകോടതിമുഖാന്തിരമേ പരിഹാരം നേടാൻ സാധിക്കയുള്ളൂ. അതല്ലാതെ പോലീസ മുഖാന്തിരം കേസെടുത്ത് അവക്ക് രക്ഷാമാർഗ്ഗം ഉണ്ടാക്കുന്നതിന് പീനൽകോഡിൽ വ്യവസ്ഥചെയ്തിട്ടില്ല. ഉദാഹരണമായി ൪൦ രൂപായിൽ കുറഞ്ഞവിലയുള്ള ഒരു കുടി ഉടമസ്ഥൻ പൊളിച്ചുകളഞ്ഞാൽ സാധുവായ കുടികിടപ്പുകാരൻ ൪൫-ാംവകുപ്പു അനുസരിച്ച് അന്യായം കൊടുത്തുകൊള്ളണം. അവൻ ഹാജരായില്ലെങ്കിൽ കേസ്സ് തള്ളും. ക്രൂലിവേലചെയ്തു നടന്നു വൃത്തി അവനും കുടുംബത്തിനും കഴിയണം. ഇതു പോലീസിനെ എട്ടുക്കത്തക്ക കുറ്റമാക്കിയാൽ കുടികിടപ്പുകാരനു ആശ്വാസം സിദ്ധിക്കും. അതുകൊണ്ട് സാധുക്കളുടെ രക്ഷക്കുവേണ്ടി ഈ വകുപ്പിനെസംബന്ധിച്ചിടത്തോളം പീനൽകോഡിൽ ഭേദഗതി വരുത്തേണ്ടതാണ്. അതായതു കുടിയിറക്കിനെസംബന്ധിച്ച് ഉണ്ടാകാവുന്ന കഷ്ടനഷ്ടങ്ങളെപ്പറ്റി

LIBRARY ARCHIVES Kerala Legislative Assembly

യുള്ള പരാതികൾ കേൾക്കാനുള്ള അധികാരം പോലീസിനു ഉണ്ടായിരിക്കേണ്ടതാണ്. അതുകൊണ്ടാണ് ഞാൻ മേലുദ്ധരിച്ച ഭേദഗതി ഈ ബില്ലിലെ പതിമൂന്നാം വകുപ്പ് ആയിട്ട് ചേർക്കണമെന്ന് അഭിപ്രായപ്പെടുന്നത്.

HON'BLE MR. A. J. JOHN : ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. മി. ഏ. കെ. പാച്ചുപിള്ളയുടെ ഭേദഗതി കൂടാതെതന്നെ ഈ ബിൽ പാസാകുന്നതായാലും അതുകൊണ്ട് യാതൊരു ഒഫൻസും വരാനില്ലെന്നാണ് എന്റെ അഭിപ്രായം. നേരേമറിച്ച് ഒരു പുരയിടത്തിലുള്ള ആദായം വസ്തു ഉടമസ്ഥനെകൊടുക്കാതെ ബലാൽ കൂടികിടപ്പുകാരൻ എടുക്കുന്നതായാൽ വല്ല അനിഷ്ടസംഭവങ്ങളും ഉണ്ടാകുമെന്ന് നമുക്ക ഊഹിക്കാം. അതല്ലാതെ ഈ ബില്ലുകൊണ്ട് കൂടികിടപ്പുകാരന് യാതൊരു ഉപദ്രവവും ഉണ്ടാകുവാൻ നിവൃത്തിയില്ലെന്നാണ് എനിക്ക തോന്നുന്നത്. കൂടികിടപ്പുകാരന്റെ ക്ഷേമത്തിനുവേണ്ടി കോടതി ഭേദഗതിചെയ്യണമെന്നു പറയുന്നതിനോടും എനിക്ക യോജിക്കുവാൻ നിവൃത്തിയില്ല.

MR. A. K. PACHU PILLAI : കൺടോൺമെന്റ് നിയമത്തിൽ ഇങ്ങനെയുള്ള ഭേദഗതികൾ ഉണ്ടെന്നറിയാമോ?

HON'BLE MR. A. J. JOHN : അറിയാം. എന്നാലും നമുക്ക ഇവിടെ ഈ ഒരു ഭേദഗതിയുടെ ആവശ്യമില്ലെന്നാണ് എന്റെ അഭിപ്രായം.

The amendment was put to vote and lost.

MR. P. K. KRISHNAN SASTRI : I am not moving the amendment.

The question that the preamble do stand part of the Bill was put and carried.

The preamble was added to the Bill.

The question that the title do stand part of the Bill was put and carried.

The title was added to the Bi l.

HON'BLE MR. A. J. JOHON : I move that the Bill may be passed as amended.

HON'BLE MR. T. K. NARAYANA PILLAI : I second it.

The question that the Bill as amended be passed was put and carried.

The Bill as amended was passed.

GENERAL SALES TAX RULES.

HON'BLE MR. A. J. JOHN: Sir, I move that the rules to be made under sub sections (4) and (5) of section 3 of the Travancore General Sales Tax Bill as passed by the Assembly and circulated, be approved.

LIBRARY ARCHIVES Kerala Legislative Assembly